➪ സ്വയംഭരണം കാലക്രമേണ വളർച്ച പ്രാപിക്കേണ്ട ഒരു ജനാധിപത്യ പ്രക്രിയയാണ് ➪

# ആദിവാസി സ്വയംഭരണം എന്തുകൊണ്ട് ആവശ്യമായിവരുന്നു

ഭൂരഹിതരായ ആദിവാസികളെ ഭൂമി നൽകി പുനഃരധിവസിപ്പിക്കുമെന്നും ആദിവാസി മേഖലകൾ ഷെഡ്യൂൾ ഏരിയ ആയി പ്രഖ്യാപിക്കുമെന്നും ഉറപ്പു നൽകിയ 2001ലെ കരാർ എവിടെയാണ് എത്തി നിൽക്കുന്നത്? കരാറിനെ തുടർന്ന് തുടങ്ങിവച്ച ആദിവാസി പുനഃരധിവാസ വികസന മിഷന്റെ സ്ഥിതി എന്താണ്? നിൽപ്പ് സമരത്തിന്റെ പശ്ചാത്തലത്തിൽ ഒരു വസ്തുതാന്വേഷണം.

■ **പ്രതീഷ്**

**ആദിവാസികൾക്കായി** സർക്കാർ നടത്തുന്ന ക്ഷേമപ്രവർത്തനങ്ങളൊന്നും അവർക്ക് ഗുണകരമായി ഭവിക്കാറില്ല എന്നത് കേരളത്തിൽ സംസ്ഥാന ഭരണത്തോളം തന്നെ പഴക്കമുള്ള ഒരു യാഥാർത്ഥ്യമാണ്. നൂറ് ദിവസത്തിലേറെയായി സെക്രട്ടേറിയറ്റിന് മുന്നിൽ നടക്കുന്ന ആദിവാസികളുടെ നിൽപ്പ് സമരം ഈ ഭരണത്തെയും അതിന്റെ നടത്തിപ്പുകാരായ ഉദ്യോഗസ്ഥമേധാവിത്ത സംവിധാനത്തെയും പ്രശ്നവത്കരിക്കുന്നതിന് കാരണവും ഇതുതന്നെയാണ്. കേരളത്തിലെ ആദിവാസി 'ദുർ'ഭരണത്തിന്റെയും വാഗ്ദാന ലംഘനങ്ങളുടെയും ചരിത്രം പരിശോധിച്ചാൽ സ്വയംഭരണം എന്ന നിൽപ്പ് സമരം മുന്നോട്ട് വയ്ക്കുന്ന ആവശ്യത്തെ അംഗീകരിക്കേണ്ടിവരും. നിലവിലുള്ള ഒരു അധികാര സംവിധാനത്തിൽ നിന്നും നീതി ലഭിക്കില്ല എന്ന് അവർ ഉറപ്പിച്ചുപറയുന്നത് അവരുടെ അനുഭവങ്ങളിൽ നിന്നുകൊണ്ടാണ്. സ്വയംഭരണം എന്ന മഹത്തായ ജനാധിപത്യ പ്രക്രിയയെ അർത്ഥവത്താക്കുന്നതിൽ ആദിവാസി സമൂഹത്തിന് കഴിയുമോ എന്നതിനെക്കുറിച്ച് ആശങ്കൾ നിലനിൽക്കുന്നുണ്ട്. സ്വയംഭരണം കാലക്രമേണ വളർച്ച പ്രാപിക്കേണ്ട ഒരു ജനാധിപത്യ പ്രക്രിയയാണ്. ആ പ്രക്രിയയിലൂടെ കടന്നുപോകുന്ന തരത്തിലുള്ള നടപടികളാണ് ഇനിവേണ്ടതെന്ന് പോയകാലങ്ങൾ ആവോളം അടിവരയിടുന്നുണ്ട്. അത്തരം അനുഭവങ്ങളുടെ ഒരു സമാഹാരം തന്നെയാണ് നിൽപ്പ് സമരം പൊതുസമൂഹത്തിന് മുന്നിൽ തുറന്നിടുന്നത്. അതിൽ ഏറ്റവും മുഖ്യമായി ഉന്നയിക്കപ്പെടുന്നത് 2001ൽ ആന്റണി സർക്കാറിന്റെ കാലത്ത് നടന്ന ആദിവാസി കുടിൽകെട്ടി സമരത്തെ തുടർന്നുണ്ടാക്കിയ കരാറിന്റെ ലംഘനമാണ്. ഭൂരഹിതരായ ആദിവാസികളെ ഭൂമി നൽകി പുനഃരധിവസിപ്പിക്കുമെന്നും ആദിവാസി മേഖലകൾ ഷെഡ്യൂൾ ഏരിയ ആയി പ്രഖ്യാപിക്കുമെന്നും ഉറപ്പു നൽകിയ ആ കരാർ എവിടെയാണ് എത്തി നിൽക്കുന്നത്? കരാറിനെ തുടർന്ന് തുടങ്ങിവച്ച ആദിവാസി പുനഃരധിവാസ വികസന മിഷന്റെ (ടി.ആർ.ഡി.എം) സ്ഥിതി എന്താണ്? ഇക്കാര്യങ്ങളുടെ നിലവിലെ സ്ഥിതി നേരിട്ട് വിലയിരുത്തുന്നതിനായി കരാർ പ്രകാരം 2001-2002 കാലത്ത് ആദിവാസികൾക്ക് ഭൂമി പതിച്ചു നൽകിയ പ്രദേശങ്ങളിലേക്ക് ഒരു വസ്തുതാന്വേഷണം സംഘം (ആദിവാസി പുനഃരധിവാസ ജനകീയാന്വേഷണ സമിതി) യാത്ര നടത്തുകയുണ്ടായി. ജനകീയാന്വേഷണ സമിതിയോടൊപ്പം പുനഃരധിവാസ മേ

⇨ ജനകീയ തെളിവെടുപ്പിന്റെ ഭാഗമായി ആദ്യം സന്ദർശിച്ചത് കണ്ണൂർ ജില്ലയിലെ ആറളം ഫാമിലായിരുന്നു ⇨




ആറളം ഫാമിലെ പൈനാപ്പിൾ കൃഷി

ഖലകൾ സന്ദർശിക്കാൻ എനിക്കും അവസരം ലഭിച്ചിരുന്നു. ആദിവാസികൾക്ക് കൊടുക്കുന്നത് അവരുടെ കൈവശം എത്തുന്നില്ലെന്ന ആ യാഥാർത്ഥ്യത്തെ നേരിൽ കണ്ടറിയാൻ കഴിഞ്ഞു. എന്തുകൊണ്ട് നിൽപ്പ് സമരം പ്രസക്തമാകുന്നു എന്നതിന്റെ ഉത്തരം കൂടിയാകുന്ന ആ കാഴ്ചകൾ പങ്കുവയ്ക്കട്ടെ?

**വസ്തുതാന്വേഷണ യാത്ര**

ബി.ആർ.പി. ഭാസ്കർ (ചെയർമാൻ), കെ. വേണു, ബിഷപ്പ് ഗീവർഗ്ഗീസ് മാർ കൂറിലോസ്, സക്കറിയ, സിവിക് ചന്ദ്രൻ, പ്രൊഫ. കുസുമം ജോസഫ്, ഡോ. കെ.എച്ച്. അമിതാബച്ചൻ എന്നിവർ അംഗങ്ങളായുള്ള അന്വേഷണ സംഘത്തോടൊപ്പമാണ് കേരളീയം മാസികയുടെ പ്രതിനിധിയായി സ്ഥിതിഗതികൾ മനസ്സിലാക്കുന്നതിനായി ഞാനും പങ്കാളിയായത്. കണ്ണൂർ ജില്ലയിലെ ആറളം ഫാം, ആലക്കോട് എസ്റ്റേറ്റ്, അട്ടപ്പാടിയിലെ ആദിവാസി പ്രോജക്ടുകളായ ചിണ്ടക്കി-പോത്തുപാടി-വട്ടുലക്കി-കരുവാര തുടങ്ങിയ ഫാമുകൾ, ഇടുക്കി ജില്ലയിലെ ആദിവാസി പുനഃരധിവാസ കേന്ദ്രങ്ങളായ കുണ്ടള, മറയൂർ, ചിന്നക്കനാൽ തുടങ്ങിയ ആദിവാസി മേഖലകൾ, വയനാട് ജില്ലയിലെ സുഗന്ധഗിരി, പൂക്കോട്, പ്രിയദർശിനി എന്നീ സ്ഥലങ്ങളിലാണ് വസ്തുതാന്വേഷണ സംഘം യാത്ര നടത്തിയത്. അഭിമുഖം, സ്ഥിതിവിവരക്കണക്കുകൾ, പുനഃരധിവാസ ഭൂമിയിലെ കാർഷിക പദ്ധതികൾ, ഭവന നിർമ്മാണത്തിന്റെ സ്ഥിതി, തൊഴിൽ-ആരോഗ്യനില തുടങ്ങിയവയെല്ലാം സമിതിയുടെ അന്വേഷണ പരിധിയിൽ വരും. കേരളത്തിലെ മുഴുവൻ ഭൂരഹിത ആദിവാസികൾക്കും ഒരേക്കർ ഭൂമി നൽകി പുനഃരധിവസിപ്പിക്കാനും, നൽകുന്ന ഭൂമിയിൽ സ്വയംപര്യാപ്തമാകുന്നതുവരെ സാമ്പത്തിക സഹായം നൽകാനും പദ്ധതി വിഭാവനം ചെയ്തിരുന്നു. ഒരു ഉന്നതാധികാര സമിതിയുടെ (ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ) മേൽനോട്ടത്തിൽ സംസ്ഥാന-ജില്ലാ തലത്തിൽ ഒരു മാസ്റ്റർപ്ലാൻ പദ്ധതി, ഒരു മിഷൻ മാതൃകയിൽ നടപ്പിലാക്കാനായിരുന്നു സർക്കാർ തീരുമാനം. എന്നാൽ ആറളം ഫാമിൽ ഉൾപ്പെടെയുള്ള 6,777 ഏക്കർ ഭൂമി അനാഥമാക്കിയെന്നും, ഒരു മിഷൻ മാതൃകയിലുള്ള പ്രവർത്തനം സർക്കാർ അവസാനിപ്പിച്ചെന്നുമാണ് നിൽപ്പുസമരം നടത്തുന്ന ആദിവാസികൾ ആരോപിക്കുന്നത്. കൂടാതെ ആദിവാസി പുനഃരധിവാസത്തിന് കേന്ദ്രസർക്കാർ കൈമാറിയ 19,600 ഏക്കർ വനഭൂമിയിലും സൗജന്യനിരക്കിൽ ആദിവാസികൾക്ക് നൽകിയ ആറളം ഫാമിലും കയ്യേറ്റവും അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും നടക്കുന്നതായും ആദിവാസി ഗോത്രമഹാസഭ പറയുന്നു. പ്രിയദർശിനി, പൂക്കോട് തുടങ്ങിയ പ്രോജക്ടുകളിലെ ഭൂമി ടൂറിസം പോലെയുള്ള ആവശ്യങ്ങൾക്ക് കൈമാറുന്നതിനും ഭരണതല ആലോചന നടത്തുന്നതായി റിപ്പോർട്ടുകളുണ്ട്. ഇക്കാര്യങ്ങളൊക്കെ വിലയിരുത്തുകയും യാത്രയുടെ ലക്ഷ്യമായിരുന്നു.

**കണ്ണൂർ ജില്ലയിലേക്ക്**

ജനകീയ തെളിവെടുപ്പിന്റെ ഭാഗമായി ആദ്യം സന്ദർശിച്ചത് കണ്ണൂർ ജില്ലയിലെ ആറളം ഫാമിലായിരുന്നു. ഏറ്റവും വലിയ പുനഃരധിവാസ മേഖലയായിരുന്നു ആറളം ഫാം. ആദിവാസി പുനഃരധിവാസത്തിനായി കേന്ദ്ര സർക്കാറിൽ നിന്നും വാങ്ങിയ ഭൂമി. കൃഷിയോഗ്യമായ ഭൂപ്രദേശം. പകുതി ഭൂമി ഭൂരഹിതർക്ക് നൽകാനും പകുതി ഭൂമി അവരുടെ ക്ഷേമത്തിന് വേണ്ടി പൊതുമേഖലാ കമ്പനിയുടെ മേൽനോട്ടത്തിൽ കൊണ്ടുവരാനുമായിരുന്നു സർക്കാർ തീരുമാനം. എന്നാൽ അതിന് വിരുദ്ധമായ കാര്യങ്ങളാണ് ഇപ്പോൾ അവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. പൊതുമേഖലാ കമ്പനിയുടെ മേൽനോട്ടത്തിൽ കൊണ്ടുവരാനിരുന്ന ഭൂമിയിൽ ഇപ്പോൾ സ്വകാര്യവ്യക്തികൾ പൈനാപ്പിൾ കൃഷി നടത്തുകയാണ്.

ഞങ്ങൾ ആറളത്ത് എത്തിയപ്പോൾ പൈനാപ്പിൾ തോട്ടത്തിലേക്ക് ഒരു ലോറിയിൽ കയറ്റി സ്ത്രീകളെ പണിക്കുകൊണ്ടുപോകുന്ന കാഴ്ചയാണ് ആദ്യം കണ്ടത്. വനത്തിനോട് ചേർന്നുകിടക്കുന്ന പ്രദേശമാണത്. പൈനാപ്പിൾ കൃഷി നടക്കുന്നതും വനത്തിന്റെ അതി

> മിക്ക വീടുകളുടെയും പണി പൂർത്തിയാകാതെ കിടക്കുന്നു. വാസയോഗ്യമായ വീടില്ലാത്തതുകൊണ്ടാണ് മാധവി എന്ന ആദിവാസി സ്ത്രീയെ കഴിഞ്ഞ ഏപ്രിൽ മാസത്തിൽ ആന കുത്തിക്കൊന്നതെന്ന് ആദിവാസികൾ പറഞ്ഞു. സംസ്ഥാന സർക്കാർ സ്ഥാപനമായ നിർമ്മിതി കേന്ദ്രം പണിത വീടുകളുടെ സ്ഥിതിയാണ് അതിദയനീയം

രിലാണ്. കാട്ടാനകൾ ആറളം ഫാമിൽ എത്തുന്നതിനുള്ള കാരണവും ഈ പൈനാപ്പിൾ കൃഷിയാണ്. വനത്തിനുള്ളിലെ വിഭവങ്ങൾ ശോഷിച്ചുതുടങ്ങിയതോടെ ആനകൾ പൈനാപ്പിളിന്റെ മണത്തിന് പിന്നാലെ പോയി കാടിന് പുറത്തെത്തുന്നു. എന്നാൽ പൈനാപ്പിൾ തോട്ടത്തിൽ മികച്ച രീതിയിലുള്ള വൈദ്യുത വേലിയുണ്ട്. അതിൽ തൊട്ട് ഷോക്ക് ഏൽക്കുന്ന ആനകൾ പരക്കം പാഞ്ഞ് ആദിവാസികൾക്കായി വിതരണം ചെയ്ത സ്ഥലങ്ങളിലേക്കെത്തും. ഇതാണ് ആറളം ഫാമിൽ ഞങ്ങളോട് സംസാരിച്ചവർ മുഖ്യമായും ഉന്നയിച്ച പ്രശ്നം. ആന വരുന്നത് പതിവായതോടെ ഒരു തരത്തിലുമുള്ള ഭക്ഷ്യവിളകളും കൃഷി ചെയ്യാൻ കഴിയാത്ത സ്ഥിതിയാണ് അവിടെയുള്ളത്. കൃഷിയില്ലാതായതോടെ ഉപജീവനത്തിനായി ഫാമിന് പുറത്ത് കൂലിപ്പണിക്ക് പോവുകയാണ് ഇവർ. ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്ത ശേഷം നിലനിർത്തിയ ഫാമിൽ പലരും താത്കാലിക ജോലിക്കാരായി പോകുന്നുണ്ട്. പക്ഷെ കുറഞ്ഞ കൂലി മാത്രമാണ് അവർക്ക് കിട്ടുന്നത്. സ്ഥിരം തൊഴിലാളികളെല്ലാം മറ്റ് വിഭാഗത്തിൽ നിന്നുള്ളവരാണ്. പുറത്ത് പണിക്കുപോയാൽ അതിലേറെ കൂലി കിട്ടുമെന്ന് പലരും ഞങ്ങളോട് പറഞ്ഞു.

പതിമൂന്ന് ബ്ലോക്കുകളായി തിരിച്ചാണ് മൂവായിരത്തിൽ ഏറെ കുടുംബങ്ങൾക്ക് ആറളത്ത് ഭൂമി വിതരണം ചെയ്തിരിക്കുന്നത്. എന്നാൽ അതിന്റെ പകുതി താമസക്കാർ പോലും ഇപ്പോൾ അവിടെയില്ല. കൈവശരേഖ കിട്ടിയവർ ആറളത്തേക്ക് വരാത്ത സ്ഥിതി പോലുമുണ്ടെന്ന് ആദിവാസികൾ പറയുന്നു. പ്രധാനമായും കണ്ണൂർ-വയനാട് ജില്ലകളിലുള്ള പണിയ, കുറിച്യ വിഭാഗങ്ങളെയാണ് ആറളത്ത് പുനഃരധിവസിപ്പിച്ചത്. പക്ഷെ പ്രാഥമിക ജീവിതസൗകര്യങ്ങളൊന്നും അവർക്ക് നൽകാൻ ആദിവാസി പുനഃരധിവാസ വികസന മിഷന് കഴിഞ്ഞിട്ടില്ല. പുനഃരധിവസിപ്പിച്ചവർക്ക് വീട് നിർമ്മിച്ചുനൽകുന്ന കാര്യത്തിൽ വലിയ അഴിമതി നടന്നിട്ടുണ്ടെന്ന് വ്യക്തമാണ്. മിക്ക വീടുകളുടെയും പണി പൂർത്തിയാകാതെ കിടക്കുന്നു. വാസയോഗ്യമായ വീടില്ലാത്തതുകൊണ്ടാണ് മാധവി എന്ന ആദിവാസി സ്ത്രീയെ കഴിഞ്ഞ ഏപ്രിൽ മാസത്തിൽ ആന കുത്തിക്കൊന്നതെന്ന് ആദിവാസികൾ പറഞ്ഞു. സംസ്ഥാന സർക്കാർ സ്ഥാപനമായ നിർമ്മിതി കേന്ദ്രം പണിത വീടുകളുടെ സ്ഥിതിയാണ് അതിദയനീയം. 400 വീടുകളാണ് ആറളത്ത് നിർമിതിയെ ഏൽപിച്ചത്. ഇതിൽ 361 വീടുകളുടെ പണി നിർമ്മിതി ചെയ്തു. ബാക്കി നിർമിക്കാനാവില്ലെന്ന് വന്നതോടെ ടി.ആർ.ഡി.എമ്മിന് പണം തിരികെ നൽകി നിർമിതി ഒഴിഞ്ഞു. നിർമിച്ച വീടുകളുടെ സ്ഥിതി ഏറെ കഷ്ടമാണ്. 17 എണ്ണം നിർമാണഘട്ടത്തിൽ തന്നെ തകർന്നു വീണു. ഉള്ള കാശിന് പ്ലാസ്റ്റിക്ക് ഷീറ്റ് വാങ്ങി വലിച്ചുകെട്ടിയാണ് പലരും ഇപ്പോൾ താമസിക്കുന്നത്. ആറളം ഫാമിലെ ഭവന നിർമ്മാണ പദ്ധതികളിൽ നടന്നിരിക്കുന്ന അഴിമതി അന്വേഷിക്കേണ്ടതാണ്. ദുർബല വിഭാഗങ്ങൾക്കായുള്ള ഭവന പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് മുൻകൂർ തുക നൽകാറാണ് കേരളത്തിൽ പതിവ്. എന്നാൽ ആറളം ഫാ


ആറളം ഫാമിലെ ഒരു വീട്

മിൽ സെറ്റിൽമെന്റ് ഓഫീസറും കോൺട്രാക്ടർമാരുമാണ് ഭവന നിർമ്മാണത്തിനുള്ള തുക കൈകാര്യം ചെയ്യുന്നത്. ഭവനങ്ങളുടെ സ്ഥിതി വിലയിരുത്താൻ ഫാമിൽ ഒരു എഞ്ചിനീയറില്ല. വൈദ്യുതവേലിയൊന്നുമില്ലെങ്കിലും കുഴപ്പമില്ല, ഉറപ്പുള്ള വീടുകളെങ്കിലും ഉണ്ടായാൽ മതിയായിരുന്നു എന്ന് ആദിവാസികൾ ഞങ്ങളോട് പറഞ്ഞു. വൈദ്യുതി, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലും പുനഃരധിവാസ മിഷൻ ആറളത്ത് പരാജയപ്പെട്ടിരിക്കുന്നു. കുടിവെള്ളം നൽകാമെന്ന പേരിൽ ആയിരത്താളം ആദിവാസികളിൽ നിന്നും 120 രൂപ വീതം ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തിട്ടും ഒരു സൗകര്യവുമുണ്ടായില്ല എന്ന് അവർ പരാതിപ്പെടുന്നു.

ആറളത്ത് നിന്നും ഞങ്ങൾ പോയത് കണ്ണൂർ ജില്ലയിൽ തന്നെയുള്ള പുനഃരധിവാസ മേഖലകളായ ലോവർ ചീക്കാട്, അപ്പർ ചീക്കാട് പ്രദേശങ്ങളിലേക്കാണ്. ആലക്കോട് എന്ന കുടിയേറ്റ ടൗണിനോട് ചേർന്നാണ് ഈ പുനഃരധിവാസ മേഖല സ്ഥിതി ചെയ്യുന്നത്. പ്ലാന്റേഷൻ കോർപ്പറേഷന്റെ വലിയ എസ്റ്റേറ്റും ഇതിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നുണ്ട്. ഭൂരഹിതർക്ക് വിതരണം ചെയ്യേണ്ട മിച്ചഭൂമിയാണ് സർക്കാർ പ്ലാന്റേഷൻ കോർപ്പറേഷന് നൽകിയത്. കൊടുക്കാപ്പിള്ളി ഗ്രൂപ്പിന്റെയും ആലക്കോട് രാജാവിന്റെയും കയ്യിൽ നിന്നും എഴുപതുകളിൽ ഈ ഭൂമി ഏറ്റെടുക്കുമ്പോൾ കണ്ണൂരിലെ കേളകം, തളിപ്പറമ്പ് താലൂക്കിൽ നിന്നുള്ള ഭൂരഹിതരെ പുനഃരധിവസിപ്പിക്കുമെന്നാണ് അന്ന് പറഞ്ഞിരുന്നത്. എന്നാൽ എല്ലാം പിന്നീട് എസ്റ്റേറ്റുകളായി മാറി. 2001ലെ കരാർ പ്രകാരം വിതരണം ചെയ്ത അപ്പർ ചീക്കാട് എന്ന പുനഃരധിവാസ മേഖലയിലേക്ക് പോകുന്നതിനായി ഞങ്ങൾ കാപ്പിമല എന്ന സ്ഥലത്ത് വണ്ടിയിറങ്ങി. അവിടെ നിന്നും ജീപ്പിലാണ് അപ്പർ ചീക്കാടേക്ക് പോയത്. കുറച്ച് മുന്നോട്ട് പോയതോടെ വണ്ടി നിർത്തി താത്കാലിക തൂക്കുപാലത്തിലൂടെ ചീക്കാട് പുഴ മുറിച്ചുകടന്ന് ഞങ്ങൾ പുനഃരധിവാസ മേഖലയിലെത്തി. മാവിലർ, കരിമ്പാലർ, മലവേട്ടുവർ വിഭാഗത്തിൽപ്പെട്ട 55 കുടുംബങ്ങളെയാണ് ഇവിടെ പുനഃരധിവസിപ്പിച്ചത്. അതിൽ 15 ആളുകൾ മാത്രമാണ് നിലവിൽ അവിടെയുള്ളത്. കിട്ടിയ സ്ഥലത്ത് അടിസ്ഥാന സൗകര്യങ്ങളൊന്നും നൽകാത്തതിനാൽ ബാക്കിയുള്ളവർ തിരിച്ച് അവരുടെ കോളനികളിലേക്ക് മടങ്ങി. 64 കുടുംബങ്ങൾക്ക് ഒരേക്കർ വച്ച് കൊടുക്കുകയായിരുന്നു പദ്ധതി. എന്നാൽ 55 കുടുംബങ്ങൾക്ക് ഒരേക്കർ നൽകിയാണ് ഇവിടെ പുനഃരധിവസിപ്പിച്ചത്. ബാക്കി വരുന്ന പത്തേക്കറോളം സ്ഥലം ഇപ്പോൾ അവിടെ കാണാനില്ലെന്ന് ആദിവാസികൾ പറയുന്നു. കൂടാതെ ഭൂരഹിതരായ ഏഴ് ആദിവാസി കുടുംബങ്ങൾ ബാക്കിയുള്ള സ്ഥലത്ത് കുടിലുകെട്ടി താമസിക്കുന്നുമുണ്ട്. അവർ പണ്ടുമുതലേ സമീപ പ്രദേശത്ത് ഉള്ളവരാണ്. പുനഃരധിവാസ മേഖലയിൽ ഇപ്പോഴുള്ളത് 15 കുടുംബങ്ങൾ മാത്രമാണ്. അവരുടെ ജീവിത സാഹചര്യങ്ങൾ അതിദയനീയം. കൃഷി ചെയ്യാൻ ഭൂമിയുണ്ടെങ്കിലും വന്യമൃഗങ്ങൾ കാരണം കൃഷി നടക്കാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. കാട്ടുപന്നി മുതൽ ആനവരെയെത്തി കൃഷി നശിപ്പിക്കാൻ തുടങ്ങിയതോടെ അവർ കാർഷികവൃത്തിയിൽ നിന്നും പിൻവാങ്ങി. പലരും ഇപ്പോൾ പുറത്ത് കൂലിപ്പണിക്ക് പോയാണ് ജീവിക്കുന്നത്. റോഡും വൈദ്യുതി സൗകര്യവും ഇവർക്ക് ലഭിച്ചിട്ടില്ല. വീട് പണിയാനുള്ള പണം പല ഗഡുക്ക

ളായി കൊടുത്തതുകൊണ്ട് സമയത്ത് പണം കിട്ടാതെ പണി പൂർത്തിയാക്കാൻ കഴിഞ്ഞില്ല എന്നും പലരും ഞങ്ങളോട് പരാതിപ്പെട്ടു. വീട് വയ്ക്കുന്നതിന് രണ്ടര ലക്ഷം രൂപയാണ് ഒരാൾക്ക് അനുവദിച്ചിരുന്നത്. എന്നാൽ വാഹനങ്ങൾക്ക് വരാൻ പ്രയാസമുള്ള അപ്പർ ചീക്കോട് പ്രദേശത്തേക്ക് ആലക്കോട് നിന്നും നിർമ്മാണ സാമഗ്രികൾ കൊണ്ടുവന്ന് വീടു പണിയണമെങ്കിൽ അതിലേറെ ചിലവ് വരും. അതും വീട് നിർമ്മാണത്തിന്റെ കാര്യത്തിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചു. ഇവിടെ നിന്നും 16 കുട്ടികളാണ് നിലവിൽ സ്കൂളിൽ പോകുന്നത്. അവർ എട്ട് കിലോമീറ്റർ ദൂരം നടന്ന് മണക്കടവ് എന്ന സ്ഥലത്തുള്ള സ്കൂളിലാണ് ഇപ്പോൾ പോകുന്നത്.


അവിടെ നിന്നും ഞങ്ങൾ ലോവർ ചീക്കാടേക്കാണ് പോയത്. അവിടെ 74 കുടുംബങ്ങൾക്കാണ് ഭൂമി നൽകിയിരുന്നത്. പകുതി പോലും കുടുംബങ്ങൾ ഇപ്പോൾ അവിടെ താമസിക്കുന്നില്ല. സുസ്ഥിരമായ ഒരു ജീവിതമാർഗ്ഗത്തിലേക്ക് എത്തുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുന്നതിൽ പുനഃരധിവാസ മിഷൻ ഇവിടെയും പരാജയപ്പെട്ടു. വന്യജീവികൾ കൃഷിയിടങ്ങളിലെത്തുന്ന പ്രശ്നം ഇവിടെയും നിലനിൽക്കുന്നുണ്ട്. പുനഃരധിവാസ മേഖലയിൽ ഒരു കിലോമീറ്ററോളം നീളത്തിൽ വൈദ്യുതി വേലി നിർമ്മിച്ചിട്ടുണ്ടെങ്കിലും അത് അപര്യാപ്തമാണെന്നാണ് ആദിവാസികൾ പറയുന്നത്. കൃഷി ചെയ്യാൻ കഴിയാതെ വന്നതോടെ ആലക്കോട് ടൗണിൽ ഉൾപ്പെടെ പോയി കൂലിപ്പണിയെടുത്താണ് ഇവർ ജീവിക്കുന്നത്. പല സ്ഥലങ്ങളിൽ നിന്നും ഇവിടേക്ക് പുനഃരധിവസിപ്പിക്കപ്പെട്ട ആദിവാസി വിഭാഗങ്ങൾ ഒരു പറിച്ചുനടൽ പ്രശ്നം ഇപ്പോഴും അനുഭവിക്കുന്നതായി ഞങ്ങൾക്ക് അനുഭവപ്പെട്ടു. വർഷങ്ങളായി ജീവിക്കുന്ന സ്ഥലങ്ങളിൽ നിന്നുള്ള മാറ്റം (അത് ഭൂരഹിതരുടെ കോളനികളാണെങ്കിലും) പല ആദിവാസി വിഭാഗങ്ങളെയും പ്രതികൂലമായി ബാധിക്കുന്നതായി തോന്നി. പുനഃരധിവാസം നടന്ന പല സ്ഥലങ്ങളിലും ഇത് ഞങ്ങൾക്ക് അനുഭവപ്പെട്ടിട്ടുണ്ട്. സാധ്യമാകുന്നിടത്തോളം അതാത് സ്ഥലങ്ങളിൽ തന്നെ പുനഃരധിവാസം നടത്തേണ്ടതുണ്ട് എന്ന് പല വ്യക്തികളുടെയും അനുഭവങ്ങൾ ഞങ്ങൾക്ക് വ്യക്തമാക്കിത്തന്നു. അതേ സ്ഥലത്ത് തന്നെ ഭൂമി കയ്യേറി താമസിക്കുന്ന ആദിവാസി കുടുംബങ്ങളുമായി ഞങ്ങൾ സംസാരിച്ചിരുന്നു. അവരുടെ പരമ്പരാഗത വാസ സ്ഥലം തന്നെയാണ് അവിടം. സ്വന്തമായി ഭൂമിയില്ലെന്ന് മാത്രം. പല ഭാഗങ്ങളിൽ നിന്നുള്ള ആദിവാസികളെ അവിടെ പുനഃരധിവസിപ്പിച്ച സമയത്ത് തങ്ങൾക്കും ഭൂമി കിട്ടും എന്ന് കരുതി അവിടെ കുടിൽവച്ച് കയറിക്കൂടിയതാണ് ഇവർ. അന്നാട്ടുകാർ ആയതിനാൽ തന്നെ പുനഃരധിവസിപ്പിക്കപ്പെട്ട വിഭാഗങ്ങളേക്കാൾ അതിജീവന ശേഷി അവർ അവിടെ കാണിക്കുന്നുണ്ട്. പരിചതമല്ലാത്ത സ്ഥലത്ത് പുതുതായി വന്നതിന്റെ അമ്പരപ്പുകൾ വിട്ടൊഴിയാത്ത മുഖങ്ങളായിരുന്നു പുനഃരധിവാസ മേഖലയിൽ ഞങ്ങൾ കണ്ടതിലേറെയും. അപരിചിതമായ ഒരു ഭൂപ്രദേശത്ത് ജീവിതം സാധ്യമാക്കാൻ ശ്രമിക്കുന്നവർ എന്ന പരിഗണന പുനഃരധിവസിപ്പിക്കപ്പെട്ടവർക്ക് നൽകുന്നതിൽ മിഷൻ പരാജയപ്പെട്ടിരിക്കുന്നു.

അപ്പർ-ലോവർ ചീക്കാടുകൾ സന്ദർശിച്ച് തിരികെ പോകുന്നതിനായി വണ്ടി പാർക്ക് ചെയ്തിരുന്ന കാപ്പിമല എന്ന സ്ഥലത്തേക്ക് ഞങ്ങൾ മടങ്ങിയെത്തിയപ്പോൾ പോലീസ് അവിടെ ഞങ്ങളെ കാത്തുനിൽക്കുന്നുണ്ടായിരുന്നു. ആദിവാസി മേഖലയിലെത്തിയ മാവോയിസ്റ്റുകളാണോ ഞങ്ങൾ എന്ന് സംശയിച്ചാണ് അവർ പാഞ്ഞെത്തിയത്. പോലീസിന്റെ അനുവാദമില്ലാതെ കോളനിയിൽ കയറാൻ പാടില്ല എന്നറിയില്ലേ എന്ന് ചോദിച്ചുകൊണ്ട് പോലീസ് സംഘം ഞങ്ങളോട് കയർത്തു. കാര്യങ്ങൾ വിശദീകരിച്ചതോടെ അവരുടെ സമീപനരീതി മാറി. 'ആദിവാസികൾക്ക് വേണ്ടി നിങ്ങൾ ഒന്നും ചെയ്തിട്ട് കാര്യമില്ല, അവർ നന്നാകാൻ പോകുന്നില്ല' എന്നായിരുന്നു പിന്നീടുള്ള വർത്തമാനം. വസ്തുതാന്വേഷണ സംഘത്തിലുണ്ടായിരുന്ന എല്ലാവരുടെയും പേരും വിവരങ്ങളും വിശദമായി എഴുതിയെടുത്ത ശേഷമാണ് അവർ മടങ്ങിയത്. ഭൂരഹിതരെ പുനഃരധിവസിപ്പിക്കുന്നതിനുള്ള സർക്കാർ സംവിധാനങ്ങളെല്ലാം നിരന്തരം പരാജയപ്പെട്ടിട്ടും പോലീസ് ഡിപ്പാർട്ട്മെന്റിന് ആദിവാസികളോടുള്ള ശുഷ്കാന്തി ഞങ്ങളെ ആശ്ചര്യപ്പെടുത്തി!.

**അട്ടപ്പാടി എന്ന ദുരന്തഭൂമി**

രണ്ടംഘട്ട യാത്ര അട്ടപ്പാടിയിലേക്കായിരുന്നു. ശിശുമരണങ്ങൾ കൊണ്ട് ഇന്നും വാർത്തകളിൽ നിറഞ്ഞുനിൽക്കുന്ന ദുരന്തഭൂമി. കേരളത്തെ ഞെട്ടിച്ചുകൊണ്ടിരിക്കുന്ന ആ റിപ്പോർട്ടുകളേക്കാൾ എത്രയോ ദാരുണമാണ് അട്ടപ്പാടിയുടെ യഥാർത്ഥ മുഖം. ഷോളയൂർ, അഗളി, പുതൂർ പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന അട്ടപ്പാടിയിലെ ജനസംഖ്യയിൽ വലിയൊരു ശതമാനവും ആദിവാസികളാണ്. 1940കൾ വരെ ആദിവാസികളുടെ മാത്രം സ്ഥലമായിരുന്ന പ്രദേശം. എന്നാൽ

പിന്നീടിങ്ങോട്ട് ഭൂമി അന്യാധീനപ്പെടലിന്റെയും ചൂഷണത്തിന്റെയും കഥ മാത്രമാണ് അട്ടപ്പാടിക്ക് പറയാനുള്ളത്. ആദിവാസി ഭൂമി ആദിവാസിയല്ലാത്ത ആർക്കും നിയമപരമായ വാങ്ങാൻ കഴിയില്ല എന്ന് നിയമമുണ്ടായിട്ടും അട്ടപ്പാടിയിലെ ആയിരക്കണക്കിന് കുടുംബങ്ങൾക്ക് അവരുടെ ഭൂമി നഷ്ടമായിട്ടുണ്ട്. ഇരുളർ, മുഡുഗർ, കുറുമ്പർ തുടങ്ങിയ വിഭാഗങ്ങളിലുള്ള ആദിവാസികളാണ് അട്ടപ്പാടിയിൽ മുഖ്യമായുമുള്ളത്. ആദിവാസികൾ ഏറ്റവും കൂടുതലുള്ള മേഖലയായിട്ടും ഭൂരിഭാഗം ആദിവാസികളും ഭൂരഹിതരാണ് എന്നതാണ് അട്ടപ്പാടിയുടെ ദുർഗതി. ആദിവാസി അധിവാസ മേഖലകളിലേക്കുള്ള കുടിയേറ്റക്കാരുടെ കയ്യേറ്റമാണ് പലവിധത്തിൽ




അട്ടപ്പാടിയിലെ ആദിവാസികളെ തകർത്തത്. കുടിയേറ്റക്കാർ വളർന്നതിന്റെയും ആദിവാസി തളർന്നതിന്റെയും കാഴ്ചകളുമായാണ് അട്ടപ്പാടി ഞങ്ങളെ സ്വീകരിച്ചത്. ആദിവാസി ഫണ്ട് ഉപയോഗിച്ച് റോഡ് നിർമ്മിച്ച് കൈയേറ്റം സുഗമമാക്കുന്ന പരിപാടികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അട്ടപ്പാടിയിൽ നടത്തുന്നത്. അട്ടപ്പാടിക്കായി പ്രഖ്യാപിക്കുന്ന കോടികളുടെ ഗുണഭോക്താക്കൾ കൈയേറ്റക്കാരാണെന്ന് അവിടെയെത്തിയാൽ മതി, വ്യക്തമാകും.

ചിണ്ടക്കി, പോത്തുപ്പാടി, കരുവാര, വട്ടുലക്കി എന്നീ സഹകരണ എസ്റ്റേറ്റുകളിലാണ് പുനഃരധിവാസ പദ്ധതിയുടെ ഭാഗമായി അട്ടപ്പാടിയിൽ ഭൂമി വിതരണം ചെയ്തിരുന്നത്. ആദിവാസികൾക്ക് തൊഴിൽ നൽകി ദാരിദ്ര്യത്തിൽ നിന്നും കരകയറ്റുന്നതിനായി 1975ൽ ആരംഭിച്ച പദ്ധതിയായിരുന്നു അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി. കേന്ദ്ര സർക്കാറിന്റെ ധനസഹായമായ 228 കോടി രൂപ ചിലവാക്കിയാണ് പദ്ധതി നടപ്പിലാക്കിയത്. നബാർഡും സെൻട്രൽ ലാൻഡ് ഡവലപ്മെന്റ് ബാങ്കും രണ്ട് കോടി കൊടുത്തു.

1950ലും 60ലും 75ലുമെല്ലാം ആദിവാസികളെ പുനഃരധിവസിപ്പിക്കുന്നതിനായി ഇത്തരം എസ്റ്റേറ്റുകൾ സർക്കാർ ആരഭിച്ചിട്ടുണ്ട്. അഞ്ചുവർഷം വരെ ആദിവാസികളെ ഈ ഭൂമിയിൽ കുടിയിരുത്തുകയും എസ്റ്റേറ്റുകൾ ലാഭകരമായതിന് ശേഷം അഞ്ചേക്കർ വച്ച് കുടിയിരുത്തിയ കുടുംബങ്ങൾക്ക് പതിച്ചു നൽകുകയുമായിരുന്നു പരിപാടി. എന്നാൽ ഈ ഭൂമി ആദിവാസികൾക്ക് പതിച്ചുനൽകുന്നതിന് ഇത്രകാലം കഴിഞ്ഞിട്ടും സർക്കാർ തയ്യാറായിട്ടില്ല. അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെയും സ്ഥിതി അതാണ്. സൊസൈറ്റി തരാമെന്ന് പറഞ്ഞതൊന്നും ഇവിടെ നടന്നിട്ടില്ലെന്ന് ആദിവാസികൾ പറഞ്ഞു. ചിണ്ടക്കയിൽ 230 ഹെക്ടർ, പോത്തുപ്പാടിയിൽ 440 ഹെക്ടർ, കരുവാരയിൽ 120 ഹെക്ടർ, വരടിമല (വട്ടുലക്കി) 290 ഹെക്ടർ എന്നിങ്ങനെയാണ് എസ്റ്റേറ്റ് ഭൂമികൾ സ്ഥിതി ചെയ്യുന്നത്. 420 കുടുംബങ്ങളെയാണ് ഇവിടെ പുനഃരധിവസിപ്പിച്ചിരുന്നത്. ഈ സൊസൈറ്റി ഫാമുകൾ അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ നിറവേറ്റിയില്ലെന്ന് 1982ൽ തന്നെ കിർത്താട്സ് നടത്തിയ പഠനം വ്യക്തമാക്കുന്നുണ്ട്. എന്നിട്ടും അതേ സ്ഥിതി അനന്തമായി നീണ്ടു. 40 വർഷമായി ഫാമിൽ കൂലിക്കാരായി തുടരുന്ന ആദിവാസികളുമായി ഞങ്ങൾ സംസാരിച്ചു. ഇരുള, മുഡുഗ വിഭാഗത്തിൽപ്പെട്ട ആദിവാസികളാണ് ഇവിടെ അധികവും താമസിക്കുന്നത്. സൊസൈറ്റി ഒരു തരത്തിലും ഉപകാരപ്പെടാതെ പോയെന്നും അതോടെ പട്ടിണിയായെന്നും ഇവർ പറയുന്നു. നാല് ഫാം സൊസൈറ്റികളുടെയും ഡയറക്ടർ ബോർഡിൽ ആദിവാസി അംഗങ്ങളുണ്ടെങ്കിലും ഭരണമെല്ലാം മുകളിലുള്ള ഉദ്യോഗസ്ഥരാണെന്ന് അവർ പരാതിപ്പെട്ടു. ജില്ലാ കളക്ടറാണ് ഭരണ സമിതി ചെയർമാൻ, സബ് കളക്ടർ മാനേജിംഗ് ഡയറക്ടറും. പിന്നെ ആർ.ഡി.ഒ മുതൽ കുറേ ഉദ്യോഗസ്ഥരും. നല്ല ഉദ്യോഗസ്ഥർ വരുമ്പോൾ ചില നല്ലകാര്യങ്ങൾ നടക്കാറുണ്ടെന്ന് മാത്രം. അതിനാൽ സൊസൈറ്റികൾ പിരിച്ചുവിട്ട്, ഭൂമി വ്യക്തിഗതമായി പതിച്ചുനൽകണമെന്ന ആവശ്യമാണ് ഇവർ മു

ന്നോട്ട് വയ്ക്കുന്നത്. വിൽക്കാൻ കഴിയാത്ത തരത്തിലുള്ള അവകാശം തന്നാൽ മതിയെന്നും അവർ പറയുന്നുണ്ട്. സർക്കാർ സാമ്പത്തിക പിന്തുണ നൽകുകയാണെങ്കിൽ കൃഷി ചെയ്ത് ജീവിക്കാൻ താത്പര്യപ്പെടുന്നവരാണ് ഞങ്ങൾ സംസാരിച്ചവരിൽ ഏറെയും. വനാവകാശ നിയമപ്രകാരമുള്ള അവകാശങ്ങൾക്ക് അർഹരായവരാണ് ഇവർ. എന്നാൽ വനാവകാശ നിയമം നടപ്പിലാക്കാൻ ബാധ്യസ്ഥരായ ഉദ്യോഗസ്ഥ സംവിധാനങ്ങളൊന്നും ഇവിടെ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല. അവകാശങ്ങൾ സ്വയമേധയാ ഉന്നയിക്കുന്നതിന് ഇവിടെയുള്ള ആദിവാസി വിഭാഗങ്ങൾ പ്രാപ്തരുമല്ല. മണ്ണിന്റെ ഉടമകളായിരുന്ന അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങൾ സ്വന്തം മണ്ണിൽ അടിമകളെപ്പോലെ പണിയെടുത്തുകൊണ്ടേയിരിക്കുന്നു. പരീക്ഷിച്ച് പരാജയപ്പെട്ട കോടികളൊഴുകുന്ന വികസന പദ്ധതികൾ വഴിയുള്ള പരിഹാരങ്ങളല്ല അട്ടപ്പാടി ഇനി ആഗ്രഹിക്കുന്നത്. ഭൂമിയുടെ മേൽ അവകാശമുണ്ടാവുകയും ഊരുകൾക്ക് സ്വയംനിർണ്ണയാധികാരമുണ്ടാവുകയുമാണ് വേണ്ടത്. അതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളാണ് സർക്കാർ നൽകേണ്ടത്.

> വനാവകാശ നിയമപ്രകാരമുള്ള അവകാശങ്ങൾക്ക് അർഹരായവരാണ് ഇവർ. എന്നാൽ വനാവകാശ നിയമം നടപ്പിലാക്കാൻ ബാധ്യതസ്ഥരായ ഉദ്യോഗസ്ഥ സംവിധാനങ്ങളൊന്നും ഇവിടെ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല. അവകാശങ്ങൾ സ്വയമേധയാ ഉന്നയിക്കുന്നതിന് ഇവിടെയുള്ള ആദിവാസി വിഭാഗങ്ങൾ പ്രാപ്തരുമല്ല.

സംസ്ഥാനത്തെ അഞ്ച് ജില്ലകളിലായി 12,196.1829 ഹെക്ടർ (30,000 ഏക്കർ) വനഭൂമി വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് 2002ൽ ആന്റണി സർക്കാർ കത്തയച്ചിരുന്നു. ഒരേക്കറിൽ താഴെ ഭൂമിയുള്ള 53,472 ആദിവാസി കുടുംബങ്ങൾ സംസ്ഥാനത്ത് ഭൂരഹിതരായിട്ടുണ്ടെന്നും കൃഷിയോഗ്യമായ വനേതരഭൂമി ഇവർക്ക് വിതരണം ചെയ്യാൻ കേരളത്തിലില്ലെന്നും കത്തിൽ പറഞ്ഞിരുന്നു. 2003 ജൂണിൽ കേന്ദ്ര വനം ഉപദേശകസമിതി അംഗങ്ങൾ കേരളത്തിൽ സന്ദർശനം നടത്തുകയും വൃക്ഷനിബിഡമായ വനം ഒഴിവാക്കി പുനഃരധിവാസ യോഗ്യമായ സ്ഥലത്തിന്റെ രൂപരേഖ സർക്കാറിന് നൽകുകയും ചെയ്തിരുന്നു. തുടർന്ന് 7693.2257 ഹെക്ടർ (19,000 ഏക്കർ) നിക്ഷിപ്ത വനഭൂമി ഒന്നാം ഘട്ടമായി ആദിവാസികൾക്ക് വിതരണംചെയ്യുന്നതിന് 2003ൽ പരിസ്ഥിതി മന്ത്രാലയം അനുമതി നൽകി. അട്ടപ്പാടിയിലെ വട്ടുലക്കി സഹകരണ ഫാമിന്റെ ഭൂമി അതിൽ ഉൾപ്പെടുന്നുണ്ട്. (നെല്ലിയാമ്പതിയിലെ സർക്കാർ ഓറഞ്ച് ഫാമിന്റെ 149 ഹെക്ടർ ഭൂമിയും ഈ ലിസ്റ്റിൽ ഉൾപ്പെടും. 2002ൽ മലശർ വിഭാഗത്തിൽപ്പെട്ട ആദിവാസികൾ ഓറഞ്ച് ഫാമിന്റെ ഭൂമിയിൽ കുടിൽകെട്ടി സമരം നടത്തിയിരുന്നു. അവർ ഇപ്പോഴും അവിടെ തുടരുകയാണ്. ആദിവാസികൾക്ക് നൽകുന്നതിനായി കേന്ദ്ര സർക്കാർ അനുമതി നൽകിയ ഭൂമിയിലാണ് കയ്യേറ്റം നടത്തിയതെങ്കിലും ആ ഭൂമി ഇതുവരെ അവർക്ക് അനുവദിച്ചു നൽകാൻ സർക്കാർ തയ്യാറായിട്ടില്ല. പകരം എമർജിംഗ് കേരള പദ്ധതിയുടെ ഭാഗമായി ഈ ഭൂമി ടൂറിസം ലോബികൾക്ക് കൈമാറാനുള്ള നീക്കവും സർക്കാർ നടത്തി. കേന്ദ്ര സർക്കാർ വിട്ടുനൽകിയ വനഭൂമിയുടെ കണക്കിൽ വയനാട് ജില്ലയിലെ പൂക്കോട്, സുഗന്ധഗിരി എന്നീ സഹകരണ ഫാമുകളുടെ സ്ഥലവും ഉൾപ്പെടുത്തിയിരുന്നു). ടി.ആർ.ഡി.എം രൂപീകരിക്കപ്പെടുമ്പോൾ സഹകരണ ഫാമുകളെല്ലാം പിരിച്ചുവിട്ട് സംഘത്തിന്റെ കൈവശമുണ്ടായിരുന്ന ഭൂമി ഭൂരഹിത ആദിവാസികൾക്ക് പതിച്ചു നൽകുമെന്ന് പറഞ്ഞിരുന്നു. ഈ രണ്ട് കരാറുകൾ പ്രകാരവും ആദിവാസികൾക്ക് അർഹമായ ഭൂമിയിലാണ് അഭയാർത്ഥികളെപ്പോലെ അവർ ഇപ്പോഴും കഴിയുന്നത്.

**കയ്യേറ്റക്കാരുടെ സ്വന്തം ഇടുക്കി**

അട്ടപ്പാടിയിൽ നിന്നും ഞങ്ങൾ ഇടുക്കി ജില്ലയിലെ പുനഃരധിവാസ മേഖലയിലേക്കാണ് പോയത്. ഇടുക്കിയിൽ മറയൂർ, കുണ്ടള, ചിന്നക്കനാൽ, പൂപ്പാറ തുടങ്ങിയ സ്ഥലങ്ങളിലാണ് കരാർ പ്രകാരമുള്ള പുനഃരധിവാസം നടന്നത്. കേരളത്തിലെ മഴനിഴൽ പ്രദേശമായ മറയൂരിലാണ് ഞങ്ങൾ ആദ്യമെത്തിയത്. ഇരവികുളം ദേശീയോദ്യാനത്തിലെ മലനിരകൾക്ക് താഴെ, ചിന്നാർ വന്യജീവി സങ്കേതത്തിന് ഇടയിലായി ഒരു സമതല പ്രദേശം. മഹാശിലായുഗ കാലത്ത് തന്നെ മനുഷ്യവാസമുണ്ടായിരുന്നതിന്റെ തെളിവുകൾ അവശേഷിക്കുന്ന (മുനിയറകൾ) ഈ പ്രദേശം മുതുവാൻ വിഭാഗത്തിൽപ്പെട്ട ആദിവാസികളുടെ പരമ്പരാഗത അധിവാസ മേഖലയാണ്. ആദിവാസി മേഖലകളിലേക്ക് ഏറ്റവും കൂടു

തൽ കുടിയേറ്റമുണ്ടായ ജില്ല കൂടിയാണ് ഇടുക്കി. ഊർജ്ജിത ഭക്ഷ്യോത്പാദന പദ്ധതിയുടെ ഭാഗമായും പട്ടം കോളനി പുനഃരധിവാസത്തിന്റെ ഭാഗമായും സർക്കാർ തന്നെ ഒരു കാലത്ത് തിരുവിതാംകൂറിൽ നിന്നുള്ള ചെറുകിട കർഷകരെ കുടിയിരുത്തിയതോടെ ആദിവാസികൾ ഓരങ്ങളിലേറ്റ് മാറ്റപ്പെട്ട പ്രദേശം കൂടിയാണിത്. പുറമെ നിന്നുള്ളവർ ടൂറിസത്തിനും കൃഷിക്കുമായി ഭൂമി വാങ്ങുന്നത് ഇന്ന് ഇവിടെ പതിവാണ്. മൂന്നാറിന്റെ ടൂറിസം മറയൂരിലേക്കും ഇറങ്ങിത്തുടങ്ങിയതോടെ ഭൂമിയുടെ മേലുള്ള താത്പര്യങ്ങൾ ഇവിടെയും കൂടിയിരിക്കുന്നു.

മറയൂരിൽ 242 കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി നൽകി പുനഃരധിവസിപ്പിച്ച (കുമ്മിട്ടാംകുടി) സ്ഥലത്തേക്കാണ് ഞങ്ങൾ ആദ്യം പോയത്. പണിതീരാത്തതും ഒഴിഞ്ഞുകിടക്കുന്നതുമായ വീടുകളാണ് അവിടെ ഏറെയും കണ്ടത്. പാടങ്ങളെല്ലാം കൃഷിയില്ലാതെ ഉണങ്ങി വരണ്ടുകിടക്കുന്നു. കാര്യമന്വേഷിച്ചപ്പോഴാണ് ഭൂമി കൊടുത്തവരെല്ലാം അതുപേക്ഷിച്ച് മറയൂർ ടൗണിനടുത്തുള്ള പഴയ കോളനികളിലേക്ക് (ഇന്ദിരാനഗർ) തിരിച്ചുപോയ വിവരം ഞങ്ങളറിയുന്നത്. അവരെത്തേടി ഞങ്ങൾ ആ കോളനിയിൽ എത്തി. നൂറ്റിയമ്പതോളം ചെറിയ വീടുകൾ അടുക്കിവച്ചിരിക്കുന്ന കോളനി. ഭൂമി നൽകിയ സ്ഥലം ഉപേക്ഷിച്ച് എന്തുകൊണ്ട് കോളനികളേക്ക് തിരികെപ്പോയി എന്ന ഞങ്ങളുടെ ചോദ്യത്തിന് മാരിയമ്മ മറുപടി പറഞ്ഞു തുടങ്ങി.

"ആനശല്യമായിരുന്നു പ്രധാന പ്രശ്നം. പച്ചക്കറികളും വാഴയുമെല്ലാം ഞങ്ങൾ കൃഷി ചെയ്തു നോക്കി. പക്ഷെ എല്ലാം ആന വന്ന് നശിപ്പിച്ചു. മാനും വരാറുണ്ട്. കൃഷിക്ക് വെള്ളമില്ല എന്നതാണ് മറ്റൊരു പ്രശ്നം. മറയൂരിൽ മഴ കുറവാണ്. വെള്ളം അല്ലാതെ കണ്ടെത്തണം. അതിനുള്ള സൗകര്യങ്ങളൊന്നും സർക്കാർ ചെയ്തുതന്നില്ല. ഞങ്ങൾക്ക് ഈ ഭൂമി കാണിച്ചുതന്ന്, വീടും വച്ചുതന്ന് അവർ പോയി. കറണ്ടോ നടപ്പാതയോ ഇവിടേക്കില്ല. ഫെൻസിംഗ് ഉണ്ടായിരുന്നത് പൊളിഞ്ഞുപോയി. പുറമെ നിന്നുള്ള ചില ആളുകൾ വന്ന് അതിന്റെ കമ്പിയെല്ലാം എടുത്തുകൊണ്ട് പോയി. ട്രൈബൽ ഡിപ്പാർട്ട്മെന്റിൽ പരാതിപ്പെട്ടിട്ടും ഒന്നും നടന്നില്ല. അതോടെ ഞങ്ങൾ പഴയ കോളനിയിലേക്ക് തിരിച്ചുവന്നു." ഭർത്താവ് ആസ്തമ വന്ന് മരിച്ചുപോയ മാരിയമ്മ ഇപ്പോൾ സഹോദരനൊപ്പം താമസിക്കുകയാണ്. കോളനിയിലെ അവരുടെ ചെറിയവീട്ടിൽ മൂന്ന് കുടുംബങ്ങൾ താമസിക്കുന്നുണ്ട്.

"ഭൂമി തന്നിട്ട് അവരവരുടെ ഭൂമിയിൽ വീട് വയ്ക്കാൻ പറഞ്ഞതാണ് കുഴപ്പമായത്." 77 വയസ്സുകാരനായ മുരുകൻ തേവൻ പ്രയാസങ്ങൾ പറഞ്ഞുതുടങ്ങി. "ഒരുമിച്ച് താമസിക്കുന്ന ശീലമുള്ളവരാണ് മുതുവാൻ വിഭാഗ



ഫോട്ടോ: മാർട്ടിൻ

മറയൂരിലെ ഇന്ദിരാനഗർ കോളനിയിൽ നിന്നും

ക്കാർ. ഊരുക്കൂട്ടത്തിന്റെ തീരുമാനമനുസരിച്ച് ഒത്തൊരുമയോടെ കാര്യങ്ങൾ ചെയ്യുന്നവരാണ് ഞങ്ങൾ. ഭൂമി തന്ന സ്ഥലത്ത് പലയിടത്തായി വീട് വച്ചതാണ് പ്രശ്നമായത്. അതോടെ ഞങ്ങൾ വല്ലാതെ ഒറ്റപ്പെട്ടുപോയി. ആനയെയൊന്നും നേരിടാൻ പറ്റാതെയായി. വൈകുന്നരം ഒരേഴ് മണിയാകുന്നതോടെ ആന വന്ന് വീടിന് മുന്നിൽ നിൽക്കും. ഞങ്ങൾ ഒന്നും മിണ്ടാതെ പേടിച്ച് ഉള്ളിൽത്തന്നെയിരിക്കും. ആനയിറങ്ങുന്ന സ്ഥലമാണോ എന്നൊന്നും നോക്കാതെയാണ് ഞങ്ങൾ ആ സ്ഥലം സ്വീകരിച്ചത്. കോളനിയിലെ ദുരിതം പിടിച്ച ജീവിതമായിരുന്നല്ലോ. ഭൂമി കിട്ടിയപ്പോൾ ഉള്ളതാകട്ടെ എന്ന് കരുതി ഓടിപ്പോയതാണ്. ജീവിക്കാൻ പറ്റാതായതോടെ തിരിച്ച് കോളനിയിലേക്ക് തന്നെ വന്നു. പുനഃരധിവസിപ്പിച്ച സ്ഥലത്ത് വീടുകൾ ഒരുമിച്ച് പണിയാനുള്ള അവസരം ലഭിച്ചിരുന്നെങ്കിൽ ഒരുപക്ഷെ ഈ പ്രശ്നമൊന്നുമുണ്ടാകില്ലായിരുന്നു. ഞങ്ങൾ അന്ന് അതിനെക്കുറിച്ച് ചിന്തിച്ചില്ല. അവർ ഒന്നും പറഞ്ഞതുമില്ല. ഇനിയിപ്പോ അത് നടക്കുമോ എന്ന് അറിയില്ല. ഏഴ് വർഷമായി ഞങ്ങൾക്ക് കിട്ടിയ ഭൂമി വെറുതേ ഒഴിഞ്ഞു കിടക്കുകയാണ്."

മുതുവാന്മാർ കഴിഞ്ഞാൽ ഹിൽ പുലയ വിഭാഗത്തിൽപ്പെട്ട ആദിവാസികളാണ് അവിടെ കൂടുതലുള്ളത്. 2002ൽ അവർക്കും ഭൂമി ലഭിച്ചിട്ടുണ്ട്. ഒന്നരയേക്കർ സ്ഥവും വീടും അവർക്കും അനുവദിച്ചിരുന്നു. സമാനമായ പ്രശ്നങ്ങൾ കൊണ്ട് ഭൂമി ഉപേക്ഷിച്ച് പോയ ഹിൽ പുലയ വിഭാഗക്കാരെ ഞങ്ങൾ കണ്ടു. പാറയുള്ള കുത്തനെ ചരിഞ്ഞ ഭൂമിയാണ് തങ്ങൾക്ക് നൽകിയതെന്ന് അവർ പരാതിപ്പെട്ടു. അഞ്ച് വർഷത്തോളം പിടിച്ചുനിൽക്കാൻ ശ്രമിച്ചിട്ടാണ് പലരും തിരിച്ച് പോരുന്നത്. ഇപ്പോൾ കൂലിപ്പണിയെടുത്താണ് ഇവർ ജീവിക്കുന്നത്.

ആദിവാസി പുനഃരധിവാസ പരിപാടിയുടെ സുപ്രധാന തകരാറുകൾ നേരിട്ട് ബോധ്യമായ യാത്രയായിരുന്നു മറയൂരിലേത്. അതുവരെ ജീവിച്ചുവന്ന സാഹചര്യങ്ങൾ മനസ്സിലാക്കാതെയും ഗോത്രങ്ങളുടെ തനതായ സ്വഭാവങ്ങളെക്കുറിച്ച് വ്യക്തമായ ബോധ്യമില്ലാതെയുമാണ് പുനഃരധിവാസ പരിപാടി നടന്നിരിക്കുന്നത്. ഇടുക്കി ജില്ലയിലെ തുടർന്നുള്ള യാത്രാനുഭവവും വ്യത്യസ്തമായിരുന്നില്ല. മറയൂരിൽ നിന്നും കുണ്ടള എന്ന സ്ഥലത്തേക്കാണ് ഞങ്ങൾ പോയത്. ബ്രിട്ടീഷുകാർ വെട്ടിവെളുപ്പിച്ച് തേയിലത്തോട്ടങ്ങളാക്കി മാറ്റിയ വനമേഖലയാണ് കുണ്ടള. മുതുവാൻ വിഭാഗത്തിൽപ്പെട്ട ആദിവാസികളുടെ കൈവശമുണ്ടായിരുന്ന ഭൂമിയെല്ലാം തോട്ടങ്ങളാവുകയും അവർ അതിലെ പണിക്കാരായി മാറുകയും ചെയ്തു. ഇന്ന് ആ തോട്ടങ്ങളെല്ലാം ടാറ്റാ ടീയുടെ കൈവശമാണ്. സഹ്യപർവ്വതത്തിന്റെ ഉയരമുള്ള മലനിരകളാൽ ചുറ്റപ്പെട്ട ഈ ചരിഞ്ഞ പ്രദേശം നിറയെ തേയിലത്തോട്ടങ്ങളാണ്. തേയില ഇല്ലാത്തിടത്ത് ഗ്രാൻഡിസ് വൃക്ഷങ്ങൾ. തേയില ഉണക്കുന്നതിന് ആവശ്യമായ വിറക് കണ്ടെത്തുന്നതിനായി തോട്ടമുടമകൾ തന്നെ വച്ചുപിടിപ്പിച്ചിരിക്കുന്നതാണിത്. വെള്ളം വലിയതോതിൽ വലിച്ചെടുക്കുന്ന ഗ്രാൻഡിസ് മരങ്ങൾ നീർച്ചാലുകൾ താഴ്വരകളിലേക്ക് ഒഴുകി വരുന്ന വഴികളിലെല്ലാം അവർ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ഷോലക്കാടുകൾ വെട്ടിവെളുപ്പിച്ചാണ് ഇവ പ്ലാന്റ് ചെയ്തിരിക്കുന്നതെന്ന് വ്യക്തം. തേയിലച്ചെടിയുടെ കാലാവധി കഴിഞ്ഞ ചില സ്ഥലങ്ങളിൽ ടാറ്റാ തന്നെ റോസാപൂ കൃഷി നടത്തുന്നതും ഞങ്ങൾ കണ്ടു.

യാത്രയ്ക്കിടയിൽ ആദിവാസി ഗോത്ര മഹാസഭയുടെ പ്രവർത്തകനായ അശോകൻ കുണ്ടളയിൽ നടന്ന മറ്റൊരു വഞ്ചനയുടെ കഥ ഞങ്ങളോട് വിവരിച്ചു. മൂന്നാർ എഞ്ചിനീയറിംഗ് കോളേജ് നിർമ്മിക്കുന്നതിനായി ഇവിടെ ആദിവാസി ഭൂമി സർക്കാർ തന്നെ കയ്യേറിയിരുന്നു. നായനാർ സർക്കാറിന്റെ കാലഘട്ടം, പി.ജെ. ജോസഫായിരുന്നു അന്ന് വിദ്യാഭ്യാസ മന്ത്രി. ഒരു സുപ്രഭാതത്തിൽ ആദിവാസി കുടിയിലെ കാലിത്തൊഴിത്തിൽ എഞ്ചിനീയറിംഗ് കോളേജ് എന്ന ബോർഡ് ആരോ കൊണ്ടുവച്ചപ്പോഴാണ് അവർ കാര്യമറിയുന്നത്. സി.കെ. ജാനുവിന്റെയും ഗീതാനന്ദന്റെയും നേതൃത്വത്തിൽ അന്ന് വലിയ സമരം ആദിവാസി-ദളിത് സമര സമിതി നടത്തി. അറുപതോളം കുടുംബങ്ങളെ കുടിയൊഴിപ്പിക്കുന്നതിനായിരുന്നു പരിപാടി. മന്ത്രി പി.ജെ. ജോസഫും ഡെപ്യൂട്ടി സ്പീക്കറായിരുന്ന സി.ഐ. കുര്യനും അതിന് വലിയ താത്പര്യമെടുത്തു. പലരും പേടിച്ച് ഭൂമി വിട്ടുപോയി. പലരും മർദ്ദനത്തിന് വിധേയമായി കാട്ടിലേക്ക് ഓടിപ്പോയി. എന്നാൽ സമരം ശക്തമാവുകയും എഞ്ചിനീയറിംഗ് കോളേജിന്റെ ബോർഡ് എടുത്തുകളഞ്ഞ് ആദിവാസികൾ അവരുടെ ഭൂമിയിൽ തിരിച്ചുപ്രവേശിക്കുകയും ചെയ്തു. അന്ന് സമരം ചെയ്ത് പ്രവേശിച്ച സ്ഥലം തന്നെ പുനഃരധിവാസ കരാർ പ്രകാരം ആദിവാസികൾക്ക് പതിച്ചു നൽകുകയായിരുന്നു.

വളഞ്ഞുപുളഞ്ഞ കുറേ വഴികൾ താണ്ടി ഞങ്ങൾ കുണ്ടള സെറ്റിൽമെന്റിൽ എത്തി. ശരിക്കും ടാറ്റായുടെ തേയില തോട്ടങ്ങൾക്ക് ന

ടുവിൽ ആദിവാസികളുടെ ഒരു തുരുത്ത്. 71 കുടുംബങ്ങൾക്ക് അഞ്ച് ഏക്കർ നൽകിയാണ് ഇവിടെ പുനഃരധിവസിപ്പിച്ചിരിക്കുന്നത്. സെറ്റിൽമെന്റിലെ മൂപ്പൻ എ.കെ. ചിന്നസ്വാമിയോടാണ് ഞങ്ങൾ സംസാരിച്ചത്. എഞ്ചിനീയറിംഗ് കോളേജിനെതിരെ നടന്ന സമരത്തിൽ അടികൊണ്ട് കാട്ടിലേക്ക് കയറിപ്പോയ ആളാണ് അദ്ദേഹം. "കുടിവെള്ളമാണ് ഇവിടെ ഏറ്റവും വലിയ പ്രശ്നം. ഞങ്ങളുടെ ഭൂമിക്ക് ചുറ്റും ടാറ്റാ ഗ്രാൻഡിസ് വച്ചിരിക്കുകയാണ്. ടാറ്റാ ഞങ്ങളുടെ കൈയിൽ നിന്നും പിടിച്ചെടുത്ത വനഭൂമിയാണിത്. ഒരു ഗ്രാൻഡിസ് മരം 60 ലിറ്റർ വരെ വെള്ളം പിടിച്ചെടുക്കും. പിന്നെങ്ങനെയാണ് ഞങ്ങൾക്ക് വെള്ളം കിട്ടുന്നത്. കുമ്പള ഡാമിന് സമീപത്ത് താമസിച്ചിരുന്ന ഞങ്ങളുടെ സമുദായത്തിലുള്ള ചിലർക്കും ഇവിടെ ഭൂമി കിട്ടിയിട്ടുണ്ട്. ഇൻഡോ-സ്വിസ് പ്രോജക്ടിന്റെ ഭാഗമായി ഇവിടെ പശു ഫാം തുടങ്ങിയപ്പോൾ അ

> മുതിർന്ന ഐ.പി.എസ് ഉദ്യോഗസ്ഥനായ ടോമിൻ തച്ചങ്കിരിയുടെ കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള മൂന്നാർ കാറ്ററിംഗ് കോളേജും ഫോർട്ട് മൂന്നാർ റിസോർട്ടും ഇവിടെയാണുള്ളത്. കയ്യേറ്റം ആരോപിക്കപ്പെടുന്ന ഈ രണ്ട് സ്ഥാപനങ്ങളും ഞങ്ങൾ കണ്ടു. സർക്കാർ ഏറ്റെടുത്ത നടൻ മമ്മൂട്ടിയുടെ ബന്ധുവിന്റെ ഭൂമിയും സി.പി.എം. നേതാക്കന്മാരുടെ ബന്ധുക്കളുടെ ഭൂമി ചിന്നക്കനാൽ ടൗണിൽ ഞങ്ങൾ കണ്ടു.

വരെ ഇവിടേക്ക് കൊണ്ടുവന്നതാണ്. എല്ലാവർക്കും അഞ്ച് ഏക്കർ വച്ചുകിട്ടിയിട്ടുണ്ട്. പലർക്കും ഇനിയും പട്ടയം കിട്ടാനുണ്ട്. പക്ഷെ വെള്ളത്തിന്റെ കുറവ് കാരണവും കാട്ടുമൃഗങ്ങളുടെ ശല്യംകാരണവും കൃഷിയൊന്നും നടക്കുന്നില്ല. കറണ്ട് വേലി കെട്ടാതെ കൃഷി ചെയ്യാൻ കഴിയുമെന്ന് തോന്നുന്നില്ല. തമിഴ്നാട്ടിൽ നിന്നുള്ള കുറച്ച് പണിക്കാർ ഇവിടെ താഴെ കൃഷി ചെയ്യുന്നുണ്ട്. അവരുടെ കൈയിൽ നിന്നും 25,000 രൂപയെല്ലാം കടം വാങ്ങിയാണ് ഞങ്ങൾ കൃഷിയിറക്കുന്നത്. കാട്ടുമൃഗങ്ങൾ കൃഷി നശിപ്പിച്ചാലും മഴ കിട്ടാതെ ഉണങ്ങിപ്പോയാലും ആ കാശ് തിരിച്ചു കൊടുക്കാൻ കഴിയില്ല. അങ്ങനെ കടം കൂടും. അതാണ് ഇപ്പോൾ ഇവിടെയുള്ളവരുടെ അവസ്ഥ."

മുതുവാൻ വിഭാഗത്തിൽപ്പെട്ടവരെ മാത്രം ഒരുമിച്ച് പുനഃരധിവസിപ്പിച്ചതുകൊണ്ടുള്ള ഗുണങ്ങൾ കുണ്ടളയിൽ കാണാൻ കഴിഞ്ഞു. കൃഷി ചെയ്യുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളില്ലാത്തതും കുടുംബങ്ങൾ വലുതായതിനനുസരിച്ച് വീട് നിർമ്മിക്കാൻ കഴിയാത്തതും കടം വാങ്ങി കൃഷി ചെയ്യുന്നതുമൂലമുണ്ടാകുന്ന സാമ്പത്തിക പ്രയാസങ്ങളും അവരെ പ്രതികൂലമായി ബാധിക്കുന്നുണ്ടെങ്കിലും പരമാവധി ഒരേ സ്ഥലത്ത് നിന്നുള്ളവരെ ഒരുമിച്ച് കുടിയിരുത്തിയതിന്റെ അനുകൂല സാഹചര്യങ്ങൾ കുണ്ടളയിലുണ്ട്. ടാറ്റയും പുറത്ത് നിന്നും വന്ന് അവിടെ ഭൂമി കയ്യേറിയിരിക്കുന്ന ചിലരുമാണ് അവർക്ക് വിലയ പ്രയാസങ്ങൾ സൃഷ്ടിക്കുന്നത്. കയ്യേറ്റക്കാരെ ഒഴിപ്പിച്ചില്ലെങ്കിൽ ഒറ്റപ്പെട്ട പ്രദേശമായതുകൊണ്ടുതന്നെ ഭാവിയിൽ ഇവർക്ക് പല പ്രയാസങ്ങളും നേരിടേണ്ടിവരും.

മറയൂരിൽ നിന്നും ചിന്നക്കാലിലേക്കാണ് ഞങ്ങൾ പോയത്. മൂന്നാർ-കുമിളി റോഡിൽ നിന്നും തിരിഞ്ഞ് കിഴക്ക് തമിഴ്നാടൻ അതിർത്തിയോട് ചേർന്ന് കിടക്കുന്ന ചിന്നക്കനാലിലേക്ക് പോയ ഞങ്ങളെ റിസോർട്ടുകളുടെ ഒരു ടൗൺഷിപ്പാണ് ചിന്നക്കനാലിലേക്ക് ആനയിച്ചത്. ക്ലബ് മഹീന്ദ്രയുൾപ്പെടെയുള്ള വൻകിട ടൂറിസം റിസോർട്ടുകൾ റോഡിന് ഇരുവശവും ഉയർന്നു നിൽക്കുന്നു. ഇടുക്കി ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ ഭൂമി കയ്യേറ്റം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള പ്രദേശമാണ് ചിന്നക്കനാൽ. മുതിർന്ന ഐ.പി.എസ് ഉദ്യോഗസ്ഥനായ ടോമിൻ തച്ചങ്കിരിയുടെ കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള മൂന്നാർ കാറ്ററിംഗ് കോളേജും ഫോർട്ട് മൂന്നാർ റിസോർട്ടും ഇവിടെയാണുള്ളത്. കയ്യേറ്റം ആരോപിക്കപ്പെടുന്ന ഈ രണ്ട് സ്ഥാപനങ്ങളും ഞങ്ങൾ കണ്ടു. സർക്കാർ ഏറ്റെടുത്ത നടൻ മമ്മൂട്ടിയുടെ ബന്ധുവിന്റെ ഭൂമിയും സി.പി.എം. നേതാക്കന്മാരുടെ ബന്ധുക്കളുടെ ഭൂമിയും ചിന്നക്കനാൽ ടൗണിൽ ഞങ്ങൾ കണ്ടു. ഭൂമിയുടെ മേൽ ഇത്രയേറെ സമ്മർദ്ദമുള്ള സ്ഥലത്താണല്ലോ ആദിവാസികളെ പുനഃരധിവസിപ്പിച്ചത് എന്നോർത്ത് ഞാൻ അല്പം ആശങ്കപ്പെട്ടു. ആശങ്കകൾ ശരിവയ്ക്കുന്ന കാഴ്ചകളാണ് തുടർന്ന് കണ്ടത്.

ചിന്നക്കനാലിലെ വിളക്കുഭാഗം എന്ന സ്ഥലത്തെ തോമസ് എന്ന മലയരയ വിഭാഗത്തിൽപ്പെട്ട ആദിവാസിയെ കാണാനാണ് ഞങ്ങൾ ആദ്യം പോയത്. ചിന്നക്കനാൽ മോഡൽ പുനഃരധിവാസം തീർത്തും പരാജയമായിരുന്നു എന്നതിന് തെളിവുമായി ജീവിച്ചിരിക്കുന്ന തോമസേട്ടൻ ഞങ്ങൾക്ക് തീർത്തും

➪ *കൈവശരേഖയോ പട്ടയമോ ഇല്ലാതെ അവർ പ്രോജക്ട് ഭൂമിയിൽ താമസം തുടരുകയാണ്* ➪



കുണ്ടള ഊരുമൂപ്പൻ ചിന്നസ്വാമി

വ്യസനകരമായ ഒരു കാഴ്ചയായിരുന്നു. 2003ൽ 68 പേർക്ക് ഭൂമി നൽകി പുനഃരധിവസിപ്പിച്ച ചിന്നക്കലാലിലെ വിളക്കുഭാഗത്ത് ഇന്നുമുള്ള ഏകയാളാണ് തോമസേട്ടൻ. എന്നാൽ തോമസേട്ടൻ ഇപ്പോൾ താമസിക്കുന്നത് പുറമ്പോക്ക് ഭൂമിയിലാണെന്ന് മാത്രം. തകരഷീറ്റുകൊണ്ട് നിർമ്മിച്ച താത്കാലിക കൂരയിൽ നിന്നും വേച്ചുവേച്ച് നടന്നുവന്ന് എങ്ങനെ ഈ അവസ്ഥയിലെത്തി എന്ന കഥ അദ്ദേഹം വിശദീകരിച്ചു.

"ദേ..അവിടെ കാണുന്നതാണ് എനിക്കു കിട്ടിയ ഒരേക്കർ ഭൂമി". കുറച്ചുകൂടി താഴെയുള്ള തരിശ്ശുസ്ഥലം ചൂണ്ടികാണിച്ചുകൊണ്ട് തോമസേട്ടൻ പറഞ്ഞു. അദ്ദേഹത്തോടൊപ്പം അവിടേക്ക് നടക്കുന്നതിനിടയിൽ ഞങ്ങൾ സംഭാഷണം തുടർന്നു.

"ഏറെ പ്രയാസപ്പെട്ടാണ് പുനഃരധിവാസ ഭൂമിയിൽ ഞാൻ ഒരു വീട് വച്ച് താമസം തുടങ്ങിയത്. ഭൂമിയും വീട് വയ്ക്കാനുള്ള പണവുമല്ലാതെ ഒരു സഹായവും കിട്ടിയിരുന്നില്ല. വരാൻ വഴിപോലുമില്ലാത്ത ഈ സ്ഥലത്ത് കുറേ പണിയെടുത്ത് സാധനങ്ങളെല്ലാം കൊണ്ടുവന്ന് വീട് പൂർത്തിയാക്കി. പീരുമേട്ടിൽ തോട്ടാപ്പുര എന്ന ഒരു കോളനിയിലായിരുന്നു ഞങ്ങൾ താമസിച്ചിരുന്നത്. അവിടെ നിന്ന് എല്ലാം കെട്ടിപ്പെറുക്കി ഇവിടെ താമസം തുടങ്ങി. കൃഷിയും തുടങ്ങി. എന്നാൽ അധികം വൈകാതെ ആന ഇറങ്ങിത്തുടങ്ങി. ആന വരുന്നത് പിന്നീട് പതിവായിത്തീർന്നു. കൃഷി ചെയ്തതെല്ലാം ആന ചവിട്ടിമെതിച്ചു. വീടിന് മുന്നിലേക്ക് ആന എത്തിത്തുടങ്ങിയതോടെ ഞാൻ തന്നെ പണിയെടുത്ത് ഒരു ട്രഞ്ച് വീടിന് ചുറ്റും കുഴിച്ചു. ഒരു ദിവസം ചിന്നക്കനാൽ ടൗണിൽ നിന്നും സാധനം വാങ്ങി വീട്ടിലേക്ക് മടങ്ങുമ്പോൾ വഴിയിൽ നിന്നിരുന്ന ആന എന്നെ ഓടിച്ചു. ഓടി രക്ഷപെടാൻ ശ്രമിച്ചെങ്കിലും എനിക്ക് ആനയുടെ കുത്ത് കൊണ്ടു. വലത്തേ കൈയുടെ തോളെല്ല് തകർന്നു. അത് ഇപ്പോഴും ഉയർത്താൻ കഴിയാത്ത അവസ്ഥയിലാണ്. വികലാംഗനായിത്തീർന്നിട്ടും ഇവിടെത്തന്നെ പിടിച്ചുനിൽക്കാൻ ശ്രമിച്ചു. അപ്പോഴാണ് ഒരു ദിവസം ഞാൻ കുഴിച്ച ട്രഞ്ചും ചാടിക്കടന്നെത്തിയ ആന വീട് പൊളിച്ചത്. വീടും കൂടി നഷ്ടമായതോടെ പോകാൻ ഒരിടമില്ലാതെയായി. പഞ്ചായത്ത് മെമ്പറാണ് പറഞ്ഞത് തത്കാലം പുറമ്പോക്ക് ഭൂമിയിൽ കിടക്കാൻ. അതുകൊണ്ട് അവിടെ ഒരു ഷെഡ് കെട്ടി താമസിക്കുന്നു. വികലാംഗന്മാർക്ക് ലഭിക്കുന്ന സ്കീമിൽ ചിന്നക്കനാൽ ടൗണിൽ ഒരു പെട്ടിക്കട ഇടാൻ പറ്റിയതുകൊണ്ട് ജീവിച്ചുപോകുന്നു. സ്വന്തമായി കിട്ടിയ ഒരേക്കർ ഭൂമി കൺമുന്നിൽ തന്നെ കിടപ്പുണ്ട് പക്ഷെ എന്തുചെയ്യാനാ? ആരോട് പരാതിപ്പെടാനാ? ആനയുടെ ഒരു വഴിയിലാണ് ഞങ്ങൾക്ക് സ്ഥലം തന്നത്. അത് അന്ന് അറിയാതെ പോയി. ഏത് സ്ഥലം കാണിച്ചുതന്നാലും എടുക്കണമെന്ന് എഴുതി ഒപ്പിട്ടുവാങ്ങിച്ചിട്ടാണ് ഞങ്ങൾക്ക് ഇവിടെ സ്ഥലം തന്നത്. മുമ്പ് കാണിച്ചുതന്നിരുന്നെങ്കിൽ ഒരിക്കലും ഈ സ്ഥലം ഞങ്ങൾ എടുക്കില്ലായിരുന്നു. കൃഷി ചെയ്യാൻ ഒട്ടും പറ്റിയ സ്ഥലമല്ല ഇത്. പിന്നെ ആനയും. അല്ലെങ്കിൽ അതിനനുസരിച്ചുള്ള സൗകര്യങ്ങൾ കൂടി സർക്കാർ തരണം. അതൊന്നും കിട്ടാത്തതുകൊണ്ട് ബാക്കിയുള്ളവരെല്ലാം അവരുടെ കോളനികളിലേക്ക് തിരിച്ചുപോയി. അവരെല്ലാം ഇപ്പോഴും പണ്ടത്തെപ്പോലെ കൂലിപ്പണിയെടുത്ത് ജീവിക്കുകയാണ്. 68 കുടുംബങ്ങൾ വന്നതിൽ ഇപ്പോൾ ഞാൻ മാത്രമാണ് ഇവിടെയുള്ളത്." ആന ഇടിച്ചുകളഞ്ഞ വീടിന് മുന്നിൽ നിസഹായനായി നിന്നുകൊണ്ട് തോമസേട്ടൻ പറഞ്ഞുനിർത്തി.

മന്നാൻ, മലപ്പുലയ, ഊരാളി, മലക്കുറവ, മലവേടർ തുടങ്ങിയ വിഭാഗങ്ങളിൽ നിന്നുള്ള ആദിവാസികളെയാണ് ഇവിടെ പുനഃരധിവസിപ്പിച്ചത്. 35 കുടുംബങ്ങൾ കുമളിയിൽ നിന്നും 33 കുടുംബങ്ങൾ പീരുമേട്ടിൽ നിന്നും. മുൻ പരിചയമില്ലാത്ത പല വിഭാഗങ്ങളിൽ നിന്നുള്ള ആദിവാസി കുടുംബങ്ങളെ ഒരു സ്ഥലത്ത് പുനഃരധിവസിപ്പിക്കാൻ ശ്രമിച്ചു



ഫോട്ടോ: മാർട്ടിൻ

ആന വീട് ഇടിച്ചുകളഞ്ഞതിനെ തുടർന്ന് താത്കാലിക ഷെഡിലേക്ക് താമസം മാറിയ തോമസ്

എന്നത് ചിന്നക്കനാലിൽ ഒരു മുഖ്യ ദുരന്ത മായി നിൽക്കുമ്പോൾ തന്നെ ഇതുപോലൊ രു പ്രദേശം ആദിവാസികൾക്ക് നൽകുന്നതി നായി തെരഞ്ഞെടുത്തു എന്നതും വലിയ പി ഴവായി. ചിന്നക്കനാലിന്റെ ഭൂമിശാസ്ത്രം മന സ്സിലാക്കുന്നവരാരും അവിടെ ആദിവാസിക ളെ പുനഃരധിവസിപ്പിക്കുന്നതിന് ശ്രമിക്കില്ല. 1700 മീറ്ററിലേറെ ഉയരത്തിൽ നിന്നും താഴെ ആനയിറങ്കൽ ഡാമിലേക്കുള്ള ചരിവിലാണ് ആദിവാസികൾക്ക് ഭൂമി അനുവദിച്ചിട്ടുള്ളത്. ഈ ചരിവിന്റെ ഏറ്റവും മുകളിലുള്ള ഭാഗ ത്ത് ടാറ്റയുടെ തേയില തോട്ടങ്ങളും ചോല ക്കാടുകൾ വെട്ടിവെളുപ്പിച്ച് വച്ച ഗ്രാൻഡിസ് മരങ്ങളും. അതിനും താഴെ വൻകിട റിസോർ ട്ടുകളും സ്വകാര്യ എസ്റ്റേറ്റുകളും. അതിനും താഴെയാണ് ആദിവാസികൾക്ക് നൽകുന്നതി നായി ഭൂമി കണ്ടെത്തിയത്. ആദിവാസി ഭൂമി ക്കും താഴെ ആനയിറങ്കൽ ഡാമിന്റെ റിസർ വോയർ. മുകളിൽ കാട് നിന്നിരുന്ന സ്ഥലങ്ങ ളിലെല്ലാം ടാറ്റയുടെ തോട്ടങ്ങൾ കൈയടക്കി യതോടെ വെള്ളം കുടിക്കുന്നതിനായി ആന കൾ ആനയിറങ്കൽ ഡാമിനെ ലക്ഷ്യമാക്കി താഴേക്ക് വന്നുതുടങ്ങി. അതിനിടയിലുള്ള റി സോർട്ടുകളും വൻകിട ഫാമുകളുമെല്ലാം ത ങ്ങളുടെ സ്ഥലം ഇലക്ട്രിക് ഫെൻസിംഗ് ന ടത്തി ഭംഗിയായി സംരക്ഷിച്ചു. പിന്നെ ആന യ്ക്ക് തടസ്സമില്ലാതെ പോകാൻ കഴിഞ്ഞിരു ന്നത് ആദിവാസികൾക്ക് അനുവദിച്ച ഭൂമിയി ലൂടെ മാത്രമായിരുന്നു. എന്തായാലും ആദി വാസികളെല്ലാം ഭൂമി വിട്ടൊഴിഞ്ഞ് പോയ തോടെ പലവിധ താത്പര്യങ്ങളുള്ള കൈയ്യേ റ്റക്കാർ അതിൽ കണ്ണുവച്ചിരിക്കുകയാണെന്ന് നാട്ടുകാർ പറയുന്നു. കറിയാച്ചൻ മുതലാളി എന്നൊരാൾ പത്തേക്കർ ഭൂമി ഇപ്പോൾ ത ന്നെ കയ്യേറിയിട്ടുണ്ടെന്നും അവർ പറഞ്ഞു.

അവിടെ നിന്നും ഞങ്ങൾ പോയത് ചിന്ന ക്കനാലിന് അടുത്ത് തന്നെയുള്ള സൂര്യനെ ല്ലിയിലേക്കാണ്. അവിടെ 92 കുടുംബങ്ങളെ പുനഃരധിവസിപ്പിച്ച സ്ഥലം ഞങ്ങൾ സന്ദർ ശിച്ചു. തോമസേട്ടന്റേതിന് സമാനമായ അനു ഭവങ്ങളാണ് പലർക്കും അവിടെ പറയാനു ണ്ടായിരുന്നത്. മൂലമറ്റത്ത് നിന്നും വന്ന മല യരയ വിഭാഗത്തിലെ ജോബിനും ആനയുടെ ആക്രമണം കാരണം കൃഷി ഉപേക്ഷിച്ചയാ ളാണ്. കൂലിപ്പണിയെടുത്താണ് ഇപ്പോൾ ക ഴിയുന്നത്. പുനഃരധിവാസത്തിന്റെ ഭാഗമായി കിട്ടിയ ഒരേക്കർ ഭൂമിയിലുണ്ടായിരുന്ന കുറേ ഗ്രാൻഡിസ് മരങ്ങൾ വെട്ടിവിറ്റും ജോബിൻ ജീവിത മാർഗ്ഗം കണ്ടെത്തുന്നു. അവിടെയും മൂന്ന് കുടുംബങ്ങൾ മാത്രമാണ് ഇപ്പോൾ അ വശേഷിക്കുന്നത്. മറ്റുള്ളവരെല്ലാം കോളനി യിലേക്ക് തന്നെ തിരിച്ചുപോയി. കുമിളിക്കടു

ത്തുള്ള ലബക്കണ്ടത്തെ മന്നാൻ കുടിയിൽ നിന്നും വന്ന നാണുക്കുട്ടൻ പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് നന്നായി കൃഷി ചെയ്യുന്നുണ്ട്. ഒറ്റപ്പെട്ട ഒരു ഉദാഹരണമായി അവിടെ ഞങ്ങൾക്ക് കാണാൻ കഴിഞ്ഞത് നാണുക്കുട്ടനെ മാത്രമായിരുന്നു. ഭൂമി നൽകിയതല്ലാതെ മറ്റ് സൗകര്യങ്ങളൊന്നും തരാത്തതുകൊണ്ടാണ് ആളുകൾ തിരിച്ചുപോയതെന്ന് നാണുക്കുട്ടൻ പറയുന്നു. തിരിച്ചുപോകാൻ സ്ഥലമില്ലാത്തതുകൊണ്ട് അദ്ദേഹവും കുടുംബവും ഇവിടെത്തന്നെ നിന്നു.

അവിടെ നിന്നും ആനയിറങ്കൽ ഡാമിന്റെ റിസർവോയറിനോട് ചേർന്ന് പുനഃരധിവസിപ്പിച്ച ആദിവാസി കുടുംബങ്ങളെ കാണുന്നതിനായി ഞങ്ങൾ പുറപ്പെട്ടു. മറയൂരിൽ താമസിച്ചിരുന്ന മൂന്നൂറോളം മുതുവാൻ കുടുംബങ്ങളെയാണ് അവിടെ പുനഃരധിവസിപ്പിച്ചത്. അവരെല്ലാവരും ഇപ്പോഴും അവിടെയുണ്ട്. പതിവായി ആനയിറങ്ങുന്നുണ്ടെങ്കിലും ഇലക്ട്രിക് ഫെൻസിംഗ് നടത്തിയും രാത്രിയിൽ

തോട്ടത്തിലെ പണികൾക്കായി 1970കളിൽ കൊണ്ടുവന്ന 18 കുടുംബങ്ങൾ ഇപ്പോൾ പുറത്ത് പോയി കൂലിപ്പണിയെടുത്താണ് കഴിയുന്നത്. കൈവശരേഖയോ പട്ടയമോ ഇല്ലാതെ അവർ പ്രോജക്ട് ഭൂമിയിൽ താമസം തുടരുന്നു.

കാവലിരുന്നും അവർ ആനയെ പ്രതിരോധിക്കുന്നു. അതുകൊണ്ട് അവരുടെ കൃഷിയും കുഴപ്പമില്ലാതെ മുന്നോട്ട് പോകുന്നു. ഒരേക്കർ ഭൂമിയിൽ ഒറ്റയ്ക്ക് വീടുണ്ടാക്കി താമസിക്കുന്നവരും ഒരുമിച്ച് വീടുവച്ച് താമസിക്കുന്നവരും ഇക്കൂട്ടത്തിലുണ്ട്.

ഒരേ സ്ഥലത്ത് നിന്നുള്ള, ഒരേ വിഭാഗത്തിലുള്ളവരെ ഒരുമിച്ച് പുനഃരധിവസിപ്പിച്ചതിന്റെ ഗുണങ്ങൾ അവിടെ അനുഭവപ്പെട്ടു. കുടിവെള്ള പ്രശ്നവും കറന്റ് ഇല്ലാത്തതിന്റെ ബുദ്ധിമുട്ടുകളും റിസർവോയറിന് അപ്പുറമുള്ളവർക്ക്പോകാൻ നടപ്പാലം ഇല്ലാത്തതിന്റെ അസൗകര്യങ്ങളും ഉണ്ടെങ്കിലും ഒത്തൊരുമയോടെ അതിജീവനം അവർ സാധ്യമാക്കുന്നുണ്ട്. ഒരേ സ്ഥലത്ത് നിന്നുള്ള ഒരേ വിഭാഗക്കാരെ ഒരുമിച്ച് പുനഃരധിവസിപ്പിക്കുക എന്നത് പുനഃരധിവാസ പദ്ധതി വളരെ പ്രധാനമായി പരിഗണിക്കേണ്ട ഒരു കാര്യമായി തോന്നി.

**സർക്കാർ കയ്യേറ്റക്കാരനാകുന്നു**

ഇടുക്കിയിൽ നിന്നും ഞങ്ങൾ പോയത് വയനാട്ടിലേക്കാണ്. താമരശ്ശേരി ചുരം കയറിയെത്തുമ്പോൾ തന്നെയുള്ള ടൗൺഷിപ്പുകളായ ലക്കിടിക്കും വൈത്തിരിക്കും ഇടയിലാണ് വയനാട്ടിലെ പ്രധാന ആദിവാസി പുനഃരധിവാസ മേഖലകൾ. ആദിവാസികളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനായി 1970കളിൽ ആരംഭിച്ച കൂട്ടുകൃഷി സംരംഭങ്ങളുടെ എസ്റ്റേറ്റ് ഭൂമികളിൽ തന്നെയാണ് പ്രധാനമായും പുനഃരധിവാസം നടന്നിരിക്കുന്നത്. അടിമപ്പണി അവസാനിപ്പിക്കുന്നതിനായി ഇന്ധിരാഗാന്ധി അടിയന്തിരാവസ്ഥ കാലത്ത് കൊണ്ടുവന്ന 12 ഇന പരിപാടിയുടെ അനന്തര ഫലമായാണ് ഈ എസ്റ്റേറ്റുകൾ രൂപപ്പെടുന്നത്. സുഗന്ധഗിരി, പ്രിയദർശിനി, പൂക്കോട് ഡയറി ഫാം എന്നിവയാണ് ആ പദ്ധതികൾ. വൈത്തിരി താലൂക്കിലെ സുഗന്ധഗിരി എസ്റ്റേറ്റിൽ 3500 ഏക്കർ ഭൂമിയിലായി 1200 ഓളം കുടുംബങ്ങളെ അന്ന് കുടിയിരുത്തിയിരുന്നു. പ്രിയദർശിനി എസ്റ്റേറ്റ് മാനന്തവാടി ക്കടുത്തുള്ള തേയിലത്തോട്ടമാണ്. 535 ഏക്കറുള്ള എസ്റ്റേറ്റിൽ 1993ൽ തേയില ഫാക്ടറിയും പ്രവർത്തനം തുടങ്ങി. പ്രിയദർശിനിയുടെ ഒരു യൂണിറ്റ് വൈത്തിരിയിലുമുണ്ട്. പൂക്കോട് ഡയറി ഫാം പശ്ചിമഘട്ട വികസന പദ്ധതിയിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ 1978ൽ തുടങ്ങിയതാണ്.

ലക്കടിയിലുള്ള പ്രിയദർശിനി എസ്റ്റേറ്റിന്റെ ഭൂമിയിലേക്കാണ് ഞങ്ങൾ ആദ്യം പോയത്. പൂക്കോട് വെറ്ററിനറി കോളേജിന്റെ ഗേറ്റ് കടന്ന് ഉള്ളിൽ പോയി ആദിവാസി കുട്ടികൾക്കായി സ്ഥാപിച്ച മോഡൽ യു.പി സ്കൂളിന് മുന്നിൽ വാഹനം നിർത്തി. അവിടെ നിന്നും നടന്ന് ഒരു മല കയറി വേണം പ്രിയദർശിനി പ്രോജക്ടിന്റെ ഭാഗമായി ആദിവാസികളെ പുനഃരധിവസിപ്പിച്ച കോളനിയിലെത്താൻ. 18 കുടുംബങ്ങളാണ് അവിടെയുള്ളത്. മാനന്തവാടിയിലുള്ള പ്രിയദർശിനി എസ്റ്റേറ്റിന്റെ ഒരു യൂണിറ്റാണ് ഈ തേയില തോട്ടങ്ങളും. എന്നാൽ പ്രിയദർശിനി മാനേജ്മെന്റ് ഈ തോട്ടം ഉപേക്ഷിച്ചിട്ട് കുറേ വർഷങ്ങളായി. തോട്ടത്തിലെ പണികൾക്കായി 1970കളിൽ കൊണ്ടുവന്ന 18 കുടുംബങ്ങൾ ഇപ്പോൾ പുറത്ത് പോയി കൂലിപ്പണിയെടുത്താണ് കഴിയുന്നത്. കൈവശരേഖയോ പട്ടയമോ ഇല്ലാതെ അവർ പ്രോജക്ട് ഭൂമിയിൽ താമസം തുടരുകയാണ്.

കോളനിയിൽ നിന്നും വന്ന മുള്ളുക്കുറുമ വിഭാഗത്തിൽപ്പെട്ട രമേശ് ഞങ്ങളെ അവരുടെ ഊരിലേക്ക് കൂട്ടിക്കൊണ്ടുപോയി. മഴ പെയ്ത് മണ്ണിളകി ഇടിഞ്ഞുവീഴാറായ റോ

ഡിലൂടെ നടക്കുമ്പോൾ ഇരുവശത്തും ഉപേക്ഷിക്കപ്പെട്ട തേയിലച്ചെടികൾ കാടുകയറി നിൽപ്പുണ്ടായിരുന്നു. കേരളത്തിൽ തന്നെ ഏറ്റവും കൂടുതൽ മഴ പെയ്യുന്ന പ്രദേശമാണല്ലോ ലക്കിടി. അതിന്റെ എല്ലാ സവിശേഷതകളുമുള്ള മണ്ണ്. കൃഷി ചെയ്യാൻ അനുയോജ്യമായ കാലാവസ്ഥ. "ഈ ഭൂമി ഞങ്ങൾക്ക് പതിച്ചുതന്നിരുന്നെങ്കിൽ കൃഷി ചെയ്ത് ഞങ്ങൾ ജീവിച്ചേനെ. ഇപ്പോ മുപ്പത് വർഷത്തിലേറെയായി ഇവിടെയുണ്ട് എന്നതല്ലാതെ ഒന്നിലും ഒരവകാശവുമില്ല. ബത്തേരിയിൽ നിന്നാണ് എന്റെ കുടുംബക്കാർ ഇവിടേക്ക് വന്നത്. ഞങ്ങൾ വന്ന സമയത്ത് ഈ തേയില തോട്ടത്തിൽ പണിയുണ്ടായിരുന്നു. 40 രൂപ ദിവസക്കൂലിക്ക് വരെ ഞങ്ങൾ ഇവിടെ പണിയെടുത്തിട്ടുണ്ട്. പ്രിയദർശിനി എസ്റ്റേറ്റിന്റെ പ്രധാന തോട്ടങ്ങളും ഓഫീസുമെല്ലാം മാനന്തവാടിയിലാണ്. അതുകൊണ്ട് ഈ സ്ഥലത്തിനോട് എസ്റ്റേറ്റ് മാനേജ്മെന്റിന് എപ്പോഴും അവഗണനയാണ്. കുറച്ച് വർഷം മുമ്പ് അവർ ഈ തോട്ടം നിർത്തി. അതോടെ ഞങ്ങൾക്ക് പണിയില്ലാതെയായി. പിന്നെ ഞങ്ങൾ തന്നെ തേയില നുള്ളിയെടുത്ത്, ഉണക്കി വൈത്തിരി അങ്ങാടിയിൽ കൊണ്ടുകൊടുക്കുമായിരുന്നു. ഇപ്പോൾ അതും ചെയ്യാറില്ല. എപ്പോ വേണമെങ്കിലും ഞങ്ങളെ ഇവിടെ നിന്നും കുടിയിറക്കാനുള്ള സാധ്യതയാണുള്ളത്."

അതെ, അവരെ ഈ ഭൂമിയിൽ നിന്നും കുടിയിറക്കുന്നതിനുള്ള ഒരു പദ്ധതി അണിയറയിൽ ഒരുങ്ങുന്നതായി ഞങ്ങൾക്കും അറിയാൻ കഴിഞ്ഞു. 'എൻ ഊര്' എന്നാണ് പദ്ധതിയുടെ പേര്. പല ആദിവാസി വിഭാഗങ്ങളുടെ പൈതൃക വീടുകളുടെ മാതൃക നിർമ്മിച്ച് ടൂറിസ്റ്റുകളെ കൊണ്ടുവരാനാണ് പദ്ധതിയിലൂടെ അവർ ഉദ്ദേശിക്കുന്നതെന്ന് രമേശ് പറയുന്നു. പദ്ധതിയുടെ ഓഫീസ് പണിയുന്നതിനായി തേയിലച്ചെടികൾ ജെ.സി.ബി ഉപയോഗിച്ച് പിഴുത് മാറ്റിയിരിക്കുന്നതും രമേശ് കാണിച്ചുതന്നു. എന്താണ് വരാൻ പോകുന്നതെന്ന് വർഷങ്ങളായി ഇവിടെ താമസിക്കുന്ന ഇവരോട് ആരും പറഞ്ഞിട്ടില്ല. വനത്തിന്റെ പദവിയുള്ള ഭൂമിയാണിത്. 2005ന് മുമ്പ് അവിടെ താമസിക്കുന്നവരായതിനാൽ 18 കുടുംബങ്ങൾക്കും വനാവകാശ നിയമപ്രകാരം ആ ഭൂമിയിൽ അവകാശമുണ്ട്. അതിനെക്കുറിച്ച് അറിവില്ലത്തതുകൊണ്ട് അവർ ഇതുവരെ അവകാശമുന്നയിച്ചിട്ടില്ല. ഊരുക്കൂട്ടം കൂടി പ്രമേയം പാസാക്കി വനാവകാശ നിയമപ്രകാരമുള്ള കൈവശരേഖ ലഭിക്കുന്നതിനായി ശ്രമിക്കണമെന്ന് ഞങ്ങൾ അവരോട് പറഞ്ഞു. (അങ്ങനെയൊരു ഊരുക്കൂട്ടം കൂടി, ഭൂമിയുടെ മേൽ അവകാശം ഉന്നയിച്ചതിന്റെ പേരിൽ പോലീസ് അവരെ ഭീഷണിപ്പെടുത്തിയെന്നാണ് പിന്നീട് അറിയാൻ കഴിഞ്ഞത്). ആദിവാസികളുടെ പരമ്പരാഗത അവകാശങ്ങളെ നിഷേധിച്ചുകൊണ്ട്, അവരുടെ പൈതൃകത്തെ മ്യൂസിയം പീസാക്കിമാറ്റുന്നതിനുള്ള 'എൻ ഊര്' പോലെയുള്ള പദ്ധതികളാണ് അണിയറയിൽ ഒരുങ്ങുന്നതെന്ന് അവിടെ നിന്നും വ്യക്തമായി. വനാവകാശ നിയമപ്രകാരം തദ്ദേശവാസികൾക്ക് അർഹമായ ഭൂമി ടൂറിസം പദ്ധിക്ക് വേണ്ടി വകമാറ്റുന്ന തരത്തിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. അതിലും ഗുരുതരമായ ഒരു നിയമവിരുദ്ധ നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്ന സ്ഥലത്തേക്കാണ് ഞങ്ങൾ പിന്നീട് പോയത്.

ഇതിനകം തന്നെ വിവാദങ്ങളിൽപ്പെട്ട പൂക്കോട് വെറ്ററിനറി സർവ്വകലാശാലയുടെ നിർമ്മാണ പ്രവർത്തനം നടക്കുന്ന സ്ഥലമാണത്. അവിടെ ആദിവാസികളെ പുനഃരധിവസിപ്പിക്കുന്നതിനായി മാറ്റിവച്ച ഭൂമിയിൽ ഹെലിപ്പാടും ഇൻഡോർ സ്റ്റേഡിയവുമെല്ലാമായി വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ നിർമ്മാണം പൊടിപൊടിക്കുകയാണ്. ഞങ്ങൾ ചെന്നപ്പോൾ പെയ്ത ശക്തമായ മഴയിൽ മേൽമണ്ണ് വലിയ തോതിൽ ഒലിച്ചിറങ്ങുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലത്തേക്ക് കയറാൻ അനുമതിയില്ലെങ്കിലും എത്രവലിയ ആഘാതമാണ് അതുണ്ടാക്കുന്നതെന്ന് മനസ്സിലാക്കാൻ മഴയത്ത് ഒഴുകിയിറങ്ങുന്ന ചുവന്നമണ്ണ് കണ്ടാൽ മനസിലാകും. ആദിവാസികളോട് ചെയ്തിട്ടുള്ള ഏറ്റവും വലിയ വഞ്ചനകളിലൊന്നാണ് പൂക്കോട് ഡയറി ഫാമിന്റെ കഥ. അടിമപ്പണിയിൽ നിന്നും ആദിവാസികളെ മോചിപ്പിക്കുന്നതിനായി 1978ൽ ഈ നിക്ഷിപ്ത വനഭൂമി കൃഷിക്കും പശുവളർത്തലിനും നൽകിയതാണ്. 300 കുടുംബങ്ങളെ 1979ൽ ഇവിടെ പുനഃരധിവസിപ്പിക്കുകയും ചെയ്തു. ഏലം, കുരുമുളക്, കാപ്പി എന്നിവ കൃഷിചെയ്തിരുന്നു. 100 പശുക്കളെ എത്തിച്ച് ഡയറിയും തുടങ്ങി. 90കളിൽ രോഗം വന്ന് പശുക്കളെല്ലാം ചത്തുപോയതായാണ് പറയുന്നത്. അക്കാര്യത്തിൽ ഇപ്പോഴും ദുരൂഹതയുണ്ട്. അതോടെ ഫാമിൽ വരുമാനം കുറയുകയും ഡയറി പദ്ധതി തകരുകയും ചെയ്തു. പിന്നീട് ഇവർക്ക് ആനുകൂല്യങ്ങളൊന്നും കിട്ടിയിട്ടില്ല. ആദിവാസി പുനഃരധിവാസ വികസന മിഷന്റെ ഭാഗമായി 42 കുടുംബങ്ങൾക്ക് അഞ്ച് ഏക്കർ വച്ചും 46 കു

ടുംബങ്ങൾക്ക് രണ്ട് ഏക്കർ വച്ചും ലഭിച്ചു. ഫാമിലുണ്ടായിരുന്ന ബാക്കി കുടുംബങ്ങളെല്ലാം പല വഴിക്ക് ചിതറിപ്പോയി. അവർ ഇപ്പോൾ എവിടെയെന്ന് വ്യക്തമല്ല. “ഭൂമി കിട്ടിയതല്ലാതെ വേറെ ആനുകൂല്യങ്ങളൊന്നും കിട്ടിയില്ല. സഹകരണ ഫാമിലെ ജോലിക്കാരനായിരുന്നതുകൊണ്ട് 800 രൂപ പെൻഷൻ കിട്ടുന്നുണ്ട്. കൃഷി ചെയ്യുന്നതിനുള്ള സൗകര്യമൊന്നും സർക്കാർ ചെയ്തുതന്നില്ല. പിന്നെ കുറച്ച് പശുക്കളെ ഞാൻ തന്നെ പണം മുടക്കി വാങ്ങി. ഇപ്പോൾ അതുകൊണ്ടാണ് ജീവിക്കുന്നത്.” ഫാം തുടങ്ങുന്ന കാലത്ത് തന്നെ ചീങ്ങേരിയൽ നിന്നും വന്ന പണിയ സമുദായംഗമായ പാലൻ പറയുന്നു.



ആദിവാസികളുടെ ഉപജീവനത്തിനെന്ന പേരിലാണ് 2004ൽ ഇവിടെ 100 ഏക്കർ വനഭൂമി വെറ്ററിനി കോളേജിനായി വകമാറ്റുന്നത്. എന്നാൽ കോളേജ് വന്നതിന്റെ ഗുണങ്ങളൊന്നും തങ്ങൾക്കുണ്ടായില്ലെന്ന് ആദിവാസികൾ ഞങ്ങളോട് പറഞ്ഞു. വനഭൂമി എന്ന പദവിയിൽ തന്നെയാണ് ഈ ഭൂമി ഇപ്പോഴുമുള്ളത്. ആദിവാസികളുടെ പുനഃരധിവാസത്തിന് വേണ്ടി മാത്രമാണ് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഈ ഭൂമി വിട്ടുനൽകിയത്. അവിടെയാണ് ഒരനുമതിയും വാങ്ങാതെ പരിസ്ഥിതിയെ തകർക്കുന്ന വിധമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നത്. ഇതിനെതിരെ സൗത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ധനേഷ്കുമാർ മുഖ്യമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. ആദിവാസികളുടെ പേരിലുള്ള ഭൂമി തട്ടിയെടുത്ത് ഹെലിപ്പാട് ഉൾപ്പെടെ നിർമ്മിക്കുമ്പോഴും ആദിവാസികൾ കൂലിപ്പണിക്കാരായി തുടരുന്ന ദയനീയ കാഴ്ചയാണ് പൂക്കോട് കാണാൻ കഴിയുന്നത്. വനഭൂമിയുടെ പദവിയിലുള്ള സ്ഥലമാണ് എന്നതിന് രേഖകളുള്ളതിനാൽ പൂക്കോടും വനവാകാശ നിയമപ്രകാരം ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമിയാണ്. നിയമപ്രകാരം മുന്നോട്ട് നീങ്ങുകയാണെങ്കിൽ ഒറീസയിലെ നിയാംഗിരി കുന്നുകളിൽ വേദാന്ത എന്ന വൻകിട കോർപ്പറേറ്റ് കമ്പനിക്ക് വന്ന അതേ സ്ഥിതി വെറ്ററിനി കോളേജിനും വന്നുചേരും. പണി നിർത്തി കോൺട്രാക്ടർമാർക്ക് തിരിച്ചു പോകേണ്ടിവരും. എന്നാൽ നിയമം അത്തരത്തിൽ ഉപയോഗിക്കുന്നതിനുള്ള ശേഷി ഇവിടെയുള്ള ആദിവാസി വിഭാഗങ്ങൾ പ്രകടിപ്പിച്ചിട്ടില്ല എന്നതാണ് ദുഃഖകരം.

അവിടെ നിന്നും വയനാട്ടിലെ ഏറ്റവും വലിയ ആദിവാസി പുനഃരധിവാസ മേഖലയായ സുഗന്ധഗിരിയിലേക്കാണ് പോയത്. പൊഴുതന ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഈ എസ്റ്റേറ്റിൽ 370 കുടുംബങ്ങൾക്ക് 1850 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. ആദിവാസി പുനഃരധിവാസ വികസന മിഷൻ ആദിവാസികൾക്ക് വേണ്ടി പല പദ്ധതികളും നടപ്പിലാക്കിയെന്ന് അവകാശപ്പെടുന്ന സ്ഥലമാണ് സുഗന്ധഗിരി എസ്റ്റേറ്റ്. എന്നാൽ അത്തരം കാഴ്ചകളൊന്നും സുഗന്ധഗിരിയിൽ ഞങ്ങൾക്ക് കാണാൻ കഴിഞ്ഞില്ല. ഞങ്ങൾ സംസാരിച്ച പലരും ഒരു പദ്ധതിയെക്കുറിച്ചും അറിഞ്ഞിട്ടുമില്ല. 70കളിൽ തന്നെ ഇവിടെ പുനഃരധിവസിപ്പിക്കപ്പെട്ട ചന്ന എന്ന പണിയ വിഭാഗത്തിൽപ്പെട്ട സ്ത്രീയുടെ വീട്ടിലേക്കാണ് ഞങ്ങൾ ആദ്യം പോയത്. അഞ്ചേക്കർ ഭൂമി അവർക്ക് 2002ൽ കിട്ടിയിരുന്നു. എന്നാൽ വീട് നിർമ്മിക്കുന്നതിനുള്ള മതിയായ പണം കിട്ടാത്തതുകൊണ്ട് ഇപ്പോഴും വീടുപണി പൂർത്തിയായിട്ടില്ല. ഇടിഞ്ഞുപൊളിയാറായ പഴയ വീട്ടിൽ തന്നെയാണ് ഇപ്പോഴും അവരുടെ താമസം. “അമ്മയ്ക്ക് സൊസൈറ്റിയിൽ പണിയുണ്ടായിരുന്ന കാലത്ത് ഞങ്ങൾ അതിന്റെ ക്വാർട്ടേഴ്സിലാണ് താമസിച്ചിരുന്നത്. പിന്നീട് സൊസൈറ്റിയെല്ലാം ഇല്ലാതായി. അതോടെ ഈ ചെറിയ കൂര വച്ച് ഇങ്ങോട്ട് മാറി. 2002ൽ പുനഃരധിവാസ പരിപാടിയുടെ ഭാഗമായി ഒന്നര ലക്ഷം രൂപ വീട് വയ്ക്കുന്ന

തിനായി കിട്ടി. അത് ഗഡുക്കളായി കിട്ടിയതു കൊണ്ട് സമയത്ത് പണിയൊന്നും നടന്നില്ല. അതോടെ വീടിന്റെ പണി പാതിവഴിക്ക് മുടങ്ങി. ഞങ്ങൾക്ക് കിട്ടിയ ഭൂമിയിലുള്ള കാപ്പിയും കുരുമുളകും എല്ലാമെടുത്താണ് ജീവിച്ചിരുന്നത്. പക്ഷെ കൃഷി നന്നാക്കുന്നതിനുള്ള വേറെ സഹായമൊന്നും കിട്ടിയില്ല. അതോടെ പുറത്ത് കൂലിപ്പണിക്ക് പോകാൻ തുടങ്ങി. ഏലം കൃഷി ചെയ്തിരുന്നതെല്ലാം കുരങ്ങ് കൊണ്ടുപോകാൻ തുടങ്ങി."

കൃഷി നന്നായി അറിയുന്ന പണിയ വിഭാഗത്തിൽപ്പെട്ട ആളുകളാണ് സുഗന്ധഗിരിയിൽ ഏറെയുമുള്ളത്. എന്നിട്ടും അവരുടെ കഴിവുകളെ ഉപയോഗപ്പെടുത്തുന്ന രീതിയിലുള്ള ഒരു പദ്ധതി സുഗന്ധഗിരിയിൽ ആദിവാസി പുനഃരധിവാസ മിഷന് നടപ്പിലാക്കാൻ കഴിയാതെ പോയി. ഇലക്ട്രിക് ഫെൻസിംഗ് സൗകര്യമുണ്ടെങ്കിൽ കൃഷി ചെയ്യുന്നതിനുള്ള എല്ലാ സാധ്യതകളുമുള്ള സ്ഥലമാണ് സുഗന്ധഗിരി ഫാം. തൊട്ടടുത്ത് തന്നെ ഇഷ്ടം പോലെ സ്വകാര്യഫാമുകൾ കാപ്പിയും കുരുമുളകും ഏലവും പച്ചക്കറികളും കൃഷി ചെയ്ത് ലാഭമുണ്ടാക്കുന്നുണ്ട്. ആദിവാസികൾക്ക് അനുവദിക്കപ്പെട്ട സ്ഥലങ്ങളും ആ രൂപത്തിൽ മാറ്റിയെടുക്കാവുന്നതേയുള്ളൂ. പക്ഷെ അവർ ആദിവാസികളായിപ്പോയി എന്ന ഒറ്റക്കാരണത്താൽ അവഗണനകൾ തുടരുകയാണ്.

ആദിവാസി പുനഃരധിവാസ പദ്ധതിയുടെ സ്ഥിതി വിലയിരുത്തുന്നതിനുള്ള ആദ്യഘട്ട യാത്ര സുഗന്ധഗിരിയിൽ അവസാനിപ്പിച്ച് ഞങ്ങൾ മടങ്ങി. (കോഴിക്കോട്, മലപ്പുറം, കൊല്ലം ജില്ലകളിലെ പുനഃരധിവാസ മേഖലയിലേക്ക് രണ്ടാം ഘട്ടമായി യാത്ര നടത്തുന്നുണ്ട്). 2001ലെ കരാറിനെ തുടർന്ന് രൂപപ്പെട്ട ആദിവാസി പുനഃരധിവാസ വികസന മിഷനെ പ്രതിക്കൂട്ടിൽ നിർത്തേണ്ടുന്ന വസ്തുതകളാണ് ആദ്യ ഘട്ടയാത്രയിൽ തന്നെ കണ്ടെത്താൻ കഴിഞ്ഞത്.

**ടി.ആർ.ഡി.എം സമ്പൂർണ്ണ പരാജയം**

2001ലെ കരാറിനെ തുടർന്ന് ഭൂമിവിതരണത്തിനും പുനഃരധിവസിപ്പിക്കപ്പെടുന്ന ആദിവാസികൾക്കുള്ള വിവിധ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനും രൂപീകരിച്ച ആദിവാസി പുനരധിവാസ വകസന മിഷന്റെ (ടി.ആർ.ഡി.എം) പ്രവർത്തനം ഏതാണ്ട് പൂർണ്ണമായും നിലച്ച സ്ഥിതിയിലാണ് ഇന്നുള്ളത്. മിഷന്റെ സ്വഭാവത്തിൽ ഒരു സമയത്തും ടി.ആർ.ഡി.എം പ്രവർത്തിച്ചതായി കാണുന്നില്ല. 2004ന് ശേഷം പുനഃരധിവാസത്തിനായി എവിടെയും ഭൂമി ഏറ്റെടുത്തിട്ടില്ല. പുനഃരധിവാസ പരിപാടികൾക്ക് വ്യക്തമായ രൂപം നൽകുന്നതിനായി ടി. മാധവമേനോൻ ചെയർമാനായ ആദിവാസി മാസ്റ്റർ പ്ലാൻ കമ്മിറ്റി അന്ന് സർക്കാർ രൂപീകരിച്ചിരുന്നു. ആദിവാസി പുനഃരധിവാസ വികസന മിഷന്റെ പ്രവർത്തനം എങ്ങനെയാകണം എന്നതിനെക്കുറിച്ച് വ്യക്തമായ ഒരു നയരേഖ മാധവമേനോൻ കമ്മിറ്റി തയ്യാറാക്കി ആസൂത്രണ ബോർഡിന് സമർപ്പിച്ചിരുന്നു. ആദിവാസി പുനഃരധിവാസ വികസന മിഷൻ പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽ (2002 ജനുവരി 1ന്) വച്ച് മുഖ്യമന്ത്രി തന്നെ അത് പ്രകാശനം ചെയ്യുകയും ചെയ്തു. ഭൂവിതരണം കൂടാതെ ആദിവാസികൾക്ക് സ്ഥിരമായ വരുമാന മാർഗ്ഗമുണ്ടാക്കുന്നതിനും അവരുടെ വിദ്യാഭ്യാസ, സാംസ്കാരിക, സാമൂഹിക ഉന്നമനത്തിനും മിഷൻ ശ്രമിക്കണമെന്ന് നയരേഖ അതിന്റെ ആമുഖത്തിൽ തന്നെ പറയുന്നുണ്ട്. പുനഃരധിവാസം എങ്ങനെയാകണം, ആകരുത് എന്നത് വ്യക്തമായി മാസ്റ്റർ പ്ലാൻ കമ്മിറ്റി റിപ്പോർട്ട് പറയുന്നുണ്ട്. പുനഃരധിവാസ മേഖലകൾ സന്ദർശിച്ച ശേഷം റിപ്പോർട്ട് വീണ്ടും വായിക്കുമ്പോഴാണ് ടി.ആർ.ഡി.എമ്മിന്റെ പരാജയത്തിന്റെ വ്യാപ്തി മനസ്സിലാകുന്നത്. പാറക്കെട്ടു പ്രദേശം, കിഴക്കാം തൂക്കായി പുല്ലുനിറഞ്ഞ പ്രദേശം, ചോലയായ പ്രദേശം തുടങ്ങിയ പരിസ്ഥിതി ദുർബല മേഖലകളിൽ പുനഃരധിവാസം പാടില്ലെന്ന് റിപ്പോർട്ട് പറയുന്നു. പക്ഷെ ഇതെല്ലാം ഉൾപ്പെടുന്ന പുനഃരധിവാസ പ്രദേശങ്ങളാണ് ഞങ്ങൾ കണ്ടതിൽ മിക്കതും. ജല നിർഗമന മാർഗ്ഗങ്ങളും ജലസ്രോതസ്സുകളും സംരക്ഷിക്കണമെന്നും മണ്ണൊലിപ്പ് ഒഴിവാക്കണമെന്നും റിപ്പോർട്ട് പറയുന്നുണ്ട്. പക്ഷെ അതെല്ലാം പരാജയപ്പെട്ടതായാണ് കാണാൻ കഴിയുന്നത്. അടിസ്ഥാന ജീവിതസൗകര്യങ്ങൾ പോലും നൽകാത്ത പുനഃരധിവാസ പദ്ധതി പിന്നെങ്ങനെയാണ് ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുന്നത്? പ്രാഥമിക സൗകര്യങ്ങളായ കുടിവെള്ളം, ആരോഗ്യപരിപാലനം, വിദ്യാഭ്യാസം, വൈദ്യുതി എന്നിവ ഉറപ്പാക്കണം എന്നും മാസ്റ്റർ പ്ലാൻ റിപ്പോർട്ട് പറയുന്നു. 12 വർഷത്തിന് ശേഷം അന്വേഷിക്കുമ്പോഴും എവിടെയും ഞങ്ങൾക്ക് അത് പൂർത്തിയായതായി കാണാൻ കഴിഞ്ഞില്ല. പുനഃരധിവാസ വികസന മിഷന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ പറഞ്ഞിരുന്ന ഒരു പ്രധാനപ്പെട്ട കാര്യം പട്ടികവർഗ്ഗ പ്രദേശങ്ങൾ ഭരണഘടനയുടെ അഞ്ചാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം എന്നതായിരുന്നു. എന്നാൽ അക്കാര്യത്തിൽ ഒരു കടലാസ് പോലും മു

ന്നോട്ട് നീക്കാൻ മിഷന് കഴിഞ്ഞിട്ടില്ല.

ആനുകൂല്യം ലഭിക്കുന്നവരുടെ ആശയാഭിലാഷങ്ങൾക്ക് അനുസൃതമായി ഭൂവിനിയോഗ രൂപരേഖ തയ്യാറാക്കണം എന്നാണ് പറഞ്ഞിരുന്നത്. എന്നാൽ ഇടുക്കിയിലെല്ലാം ഏത് ഭൂമി കിട്ടിയാലും എടുക്കണം എന്ന് എഴുതി ഒപ്പിട്ടു വാങ്ങിയ ശേഷമാണ് ഭൂവിതരണം നടന്നതെന്ന് ഞങ്ങൾക്ക് യാത്രയിൽ അറിയാൻ കഴിഞ്ഞു. മാത്രമല്ല ആദിവാസി വിഭാഗങ്ങളുടെ ഗോത്രസ്വഭാവങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയില്ലാതെയാണ് ഭൂ വിതരണം നടത്തിയിട്ടുള്ളത്. കൂട്ടമായി താമസിച്ചിരുന്ന ചില വിഭാഗങ്ങൾ പല സ്ഥലത്തായി ചിതറിപ്പോകുന്നതിന് ഇത് കാരണമായിട്ടുണ്ട്. അവരുടെ താത്പര്യങ്ങൾ അറിഞ്ഞു ചെയ്തിരുന്നെങ്കിൽ ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാമായിരുന്നു.

2012ൽ പുറത്തുവന്ന സി.എ.ജി റിപ്പോർട്ട് ടി.ആർ.ഡി.എമ്മിന്റെ പരാജയം തുറന്നു കാണിക്കുന്നുണ്ട്. 17,294 കുടുംബങ്ങളെ പുനഃരധിവസിപ്പിക്കുമെന്ന് പറഞ്ഞിരുന്ന പദ്ധതി പത്ത് വർഷം പിന്നിടുമ്പോഴും 6,777 കുടുംബങ്ങളെ മാത്രമാണ് പുനഃരധിവസിപ്പിച്ചിട്ടുള്ളത്, അതായത് 39 ശതമാനം. പുനഃരധിവസിപ്പിക്കപ്പെട്ട 6,777 കുടുബങ്ങളിൽ 1,276 പേർക്ക് മാത്രമാണ് വീടുകൾ പണിയാൻ കഴിഞ്ഞതെന്നും സി.എ.ജി റിപ്പോർട്ട് പറയുന്നു.

**മാസ്റ്റർ പ്ലാൻ എവിടെപ്പോയി?**

പുനഃരധിവാസ മേഖലയിൽ സമഗ്ര കാർഷിക നയപരിപാടികൾക്ക് രൂപം നൽകണമെന്ന് മാസ്റ്റർ പ്ലാൻ കമ്മിറ്റിയുടെ റിപ്പോർട്ട് പറയുന്നുണ്ട്. ഉത്പന്നങ്ങൾക്ക് മെച്ചമായ വില ലഭിക്കുന്നതിന് പ്രോസസിംഗ്, തരംതിരിക്കൽ, പായ്ക്കിംഗ്, വിൽപ്പന തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങൾക്ക് കൂടി ധനസഹായം ലഭ്യമാക്കുന്ന വിധത്തിൽ വായ്പാ പദ്ധതികൾക്ക് രൂപം നൽകണം. കാർഷികേതര തൊഴിൽ അവസരങ്ങൾക്കായി കുടിൽ വ്യവസായം, തേനീച്ച വളർത്തൽ എന്നിവയുടെ സാധ്യത പരിഗണിക്കണം. പ്രദേശത്തിന്റെ സവിശേഷത കണക്കിലെടുത്ത് വികസന പദ്ധതികൾ വിശദമായ പഠനങ്ങളിലൂടെ തീരുമാനിക്കണം. പുനഃരധിവാസത്തിന്റെ ഭാഗമായി നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിലെല്ലാം (ഭൂമി രൂപപ്പെടുത്തുക, ബണ്ട് കെട്ടുക, വഴിവെട്ടുക, ഭവന നിർമ്മാണം, നേഴ്സറി നിർമ്മാണം തുടങ്ങിയ ജോലികൾ) ഊരുകളിൽ നിന്നുള്ളവരുടെ പങ്കാളിത്തമുണ്ടാകണം. ആദിവാസികൾക്കുള്ള പരമ്പരാഗത കരകൗശല വൈദ്യഗ്ധ്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി പൊതുഭൂമിയിൽ അത്തരം നിർമ്മാണങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ (കൈത, മുള, ഈറ) വച്ചുപിടിപ്പിക്കുക. മഴ ദുർലഭമായ അട്ടപ്പാടി പോലെയുള്ള പ്രദേശങ്ങളിൽ കാർഷിക പദ്ധതികൾ ഫലപ്രദമല്ലെങ്കിൽ ആദിവാസികൾക്ക് വേണ്ടി ചെറുകിട വ്യാവസായ സംരംഭങ്ങൾ ആരംഭിക്കുക. ഇങ്ങനെ നീളുന്നു ടി. മാധവ മേനോൻ ചെയർമാനയ മാസ്റ്റർ പ്ലാൻ കമ്മിറ്റി ആദിവാസി പുനഃരധിവാസ വികസന പരിപാടിക്കായി മുന്നോട്ട് വച്ച ശുപാർശകൾ. ഇതിൽ ഒന്നുപോലും നടന്നതിന്റെ സൂചനകൾ ഞങ്ങൾ പോയ സ്ഥലങ്ങളിലൊന്നും കാണാൻ കഴിഞ്ഞില്ല. നിരവധി പ്രശ്നങ്ങളുണ്ടെങ്കിലും താരതമ്യേന ഭേദപ്പെട്ട മാസ്റ്റർ പ്ലാനായിരുന്നു അത്. എന്നാൽ 2006ൽ വനാവകാശ നിയമം നിലവിൽ വന്ന ശേഷം സാഹചര്യങ്ങളിലുണ്ടായ മാറ്റത്തെ ഉൾക്കൊണ്ടുകൊണ്ട് മാസ്റ്റർ പ്ലാൻ പരിഷ്കരിക്കാൻ ടി.ആർ.ഡി.എമ്മിന് കഴിഞ്ഞിട്ടില്ല. 1980 ലെ വനസംരക്ഷണ നിയമ പ്രകാരം നിക്ഷിപ്ത വന ഭൂമി വിട്ടുകിട്ടുന്നതിന്റെ നിയമപ്രശ്നങ്ങളെക്കുറിച്ചാണ് മാസ്റ്റർ പ്ലാൻ റിപ്പോർട്ട് ഏറെ സംസാരിക്കുന്നത്. വനാവകാശ നിയമം വന്നതോടെ ആ സാഹചര്യം മാറിയിരിക്കുകയാണ്. ഒരു പൂർണ്ണ സമയ മിഷൻ ചീഫ് പോലും ഇപ്പോൾ ഇല്ലാത്ത ടി.ആർ.ഡി.എമ്മിന് ഇക്കാര്യങ്ങളൊന്നും പരിഗണിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. അതുകൊണ്ടാണ് ടി.ആർ.ഡി.എം മിഷൻ പുനരുജ്ജീവിപ്പിക്കണം എന്ന മുദ്രാവാക്യം നിൽപ്പ് സമരം മുന്നോട്ട് വയ്ക്കുന്നത്. ഊര്ഭൂമി അഞ്ചാം പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും വനാവകാശ പ്രവർത്തനങ്ങളും മറ്റ് ആദിവാസി പാക്കേജുകളും ടി.ആർ.ഡി.എം വഴി ഏകോപിപ്പിക്കാൻ ശ്രമിക്കുകയാണ് വേണ്ടത്.

**അഴിമതിയുടെ കഥകൾ**

2012ൽ പുറത്തുവന്ന സി.എ.ജി റിപ്പോർട്ട് ടി.ആർ.ഡി.എമ്മിന്റെ പരാജയം തുറന്നു കാണിക്കുന്നുണ്ട്. 17,294 കുടുംബങ്ങളെ പുനഃരധിവസിപ്പിക്കുമെന്ന് പറഞ്ഞിരുന്ന പദ്ധതി പത്ത് വർഷം പിന്നിടുമ്പോഴും 6,777 കുടുംബങ്ങളെ മാത്രമാണ് പുനഃരധിവസിപ്പിച്ചിട്ടുള്ളത്, അതായത് 39 ശതമാനം. (അതിൽത്തന്നെ

**ടി.ആർ.ഡി.എം രൂപീകരിച്ച ശേഷം ഭൂരഹിതരായ ആദിവാസികൾക്ക് നൽകിയ ഭൂമിയുടെ കണക്ക്**

| നം. | ജില്ല | പ്രദേശം | കുടുംബങ്ങൾ | ഭൂമിയുടെ അളവ് |
|---|---|---|---|---|
| 1. | കാസർഗോഡ് | കിനാനൂർ, കുഞ്ചത്തൂർ | 110 | 123.43 |
| 2. | കണ്ണൂർ | പഴശ്ശി, കോളയാട്, കൂടാളി, ആറളം, ചെറുവാഞ്ചേരി, ആലക്കോട് | 3102 | 3006.37 |
| 3. | വയനാട് | സുഗന്ധഗിരി, പൂക്കോട്, കാരപ്പുഴ, കുന്നത്തിടവക, ചീങ്ങേരി | 997 | 2526.601 |
| 4. | മലപ്പുറം | മിച്ചഭൂമി | 61 | 46.38 |
| 5. | കോഴിക്കോട് | മുതുകാട്, വട്ടച്ചിറ, പേരാമ്പ്ര | 420 | 600 |
| 6. | പാലക്കാട് | മലമ്പുഴ-2 വില്ലേജ് | 10 | 4.44 |
| 7. | തൃശൂർ | തലപ്പിള്ളി | 20 | 5.68 |
| 8. | എറണാകുളം | നേര്യമംഗലം, കുട്ടമ്പുഴ | 296 | 418.9 |
| 9. | ഇടുക്കി | മറയൂർ, കുണ്ടള, ആലക്കോട്, ചിന്നക്കനാൽ, പൂപ്പാറ | 949 | 1460 |
| 10. | ആലപ്പുഴ | ചേർത്തല, കല്ലട ഇറിഗേഷൻ | 35 | 7.67 |
| 11. | കോട്ടയം | മടുക്ക | 19 | 19 |
| 12. | പത്തനംതിട്ട | ഒളികല്ല് | 28 | 12.19 |
| 13. | കൊല്ലം | കുരിയോട്ടുമല, കൊട്ടാരക്കര | 128 | 114.68 |

എത്ര കുടുംബങ്ങൾ അവിടെയുണ്ട് എന്നത് നാം കണ്ടതാണ്). പുനഃരധിവസിപ്പിക്കപ്പെട്ട 6,777 കുടുബങ്ങളിൽ 1,276 പേർക്ക് മാത്രമാണ് വീടുകൾ പണിയാൻ കഴിഞ്ഞതെന്നും സി.എ.ജി റിപ്പോർട്ട് പറയുന്നു. (2012 ഫെബ്രുവരി വരെയുള്ള കണക്ക് പ്രകാരം). ഭവന നിർമ്മാണത്തിൽ നടന്ന വലിയ ക്രമക്കേടുകളുടെ കണക്കുകളും സി.എ.ജി റിപ്പോർട്ട് തുറന്നുകാണിക്കുന്നുണ്ട്. സുഗന്ധഗിരിയിലെ പുനഃരധിവാസ ഭൂമിയിൽ 149 വീട് വയ്ക്കുന്നതിനുള്ള ചുമതല പനമരം എസ്.സി/എസ്.ടി ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ് ഏറ്റെടുത്തത്. 2008 ആഗസ്റ്റിനും 2009 ജൂണിനും ഇടയിൽ 24.05 ലക്ഷം രൂപ ഇവർക്ക് കൈമാറിയിട്ടുമുണ്ട്. എന്നാൽ 2012 മാർച്ചിനിടയിൽ ഒറ്റ വീട് പോലും സുഗന്ധഗിരിയിൽ നിർമ്മിക്കപ്പെട്ടിട്ടില്ല. കുന്നത്തിടവകയിലെ പുനഃരധിവാസ ഭൂമിയിൽ 21 വീടുകൾ നിർമ്മിക്കുന്നതിനുള്ള ചുമതല 2010 മാർച്ചിൽ കോഴിക്കോടുള്ള കേരളീയൻ സ്മാരക സമിതി ഏറ്റെടുത്തു. മെറ്റൽ ഷീറ്റിന്റെ മേൽക്കൂരയുള്ള 10 വീടുകളാണ് സമിതി ഇവിടെ ആദ്യം നിർമ്മിച്ചത്. ശക്തമായ കാറ്റിൽ മെറ്റൽ ഷീറ്റുകൾ പറന്നുപോയി. ആ വീടുകൾക്ക് പകരം കോൺക്രീറ്റ് മേൽക്കൂരയുള്ള വീടുകൾ പണിയാൻ 2012 ഫെബ്രുവരിയിൽ ടി.ആർ.ഡി.എം വീണ്ടും കേരളീയൻ സ്മാരക സമിതിയെ ചുമതലപ്പെടുത്തി. 7.5 ലക്ഷം രൂപയുടെ നഷ്ടമാണ് ഇതിലൂടെയുണ്ടായത്. പഴയ വീടുകൾ പൂർണ്ണമായും പൊളിച്ചാൽ മാത്രമെ മേൽക്കൂര മാറ്റാൻ കഴിയു എന്നതിനാൽ പണികൾ അതോടെ നിലയ്ക്കുകയും ചെയ്തു. കുന്നത്തിടവകയിലെ ഭൂമിയിൽ ഇന്ന് ഒറ്റ കുടുംബം മാത്രമാണ് താമസിക്കുന്നത്. ബാക്കിയുള്ള ആദിവാസി കുടുംബങ്ങൾ എവിടെപ്പോയി എന്നറിയില്ല. ഇടുക്കിയിലെ പൂപ്പാറ പുനഃരധിവാസ മേഖലയിൽ കോസ്റ്റ്ഫോർഡ് നിർമ്മിച്ച 47 വീടുകളും (35.25 ലക്ഷം രൂപ) ഉപയോഗയോഗ്യമല്ലെന്ന് സി.എ.ജി റിപ്പോർട്ട് ചെയ്യുന്നു. ഇടുക്കിയിലെ കുണ്ടളയിൽ 71 വീടുകളുടെ നിർമ്മാണ ചുമതല 2003ൽ കോസ്റ്റ്ഫോർഡ് ഏറ്റെടുത്തെങ്കിലും 2007 ഡിസംബർ വരെയുള്ള കണക്കുകൾ പ്രകാരം 35 വീടുകളാണ് അവർ പൂർത്തിയാക്കിയത് (27.83 ലക്ഷം). നിർമ്മാണ തുക കൂട്ടണമെന്ന് ആവശ്യപ്പെട്ട് അവർ തുടർ പ്രവർത്തനം നിർത്തിവച്ചു. മറയൂരിൽ വീട് നിർമ്മിച്ച ഏജൻസിയായ നിർമ്മിതി കേന്ദ്രവും സമാന ആവശ്യമുന്നയിച്ച് 2008ൽ പണി നിർത്തിവച്ചു.

ഭവന നിർമ്മാണത്തിന്റെ കാര്യത്തിൽ ടി.ആർ.ഡി.എമ്മിന്റെ മേൽനോട്ടം തൃപ്തികരമല്ലെന്ന് സി.എ.ജി ഉപസംഹരിക്കുന്നു. പുനഃരധിവാസ മേഖലയിൽ വെള്ളം വൈദ്യുതി എന്നിവ എത്തിക്കുന്നതിൽ വലിയ കാലതാമസമുണ്ടായതിലും ടി.ആർ.ഡി.എമ്മിന്റെ അലംഭാവമുണ്ടെന്ന് സി.എ.ജി റിപ്പോർട്ട് പറയുന്നു. ടി.ആർ.ഡി.എം അതിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിച്ചില്ലെന്നു മാത്രമല്ല, വലിയ അഴിമതിക്ക് വഴിയൊരുക്കുകയും ചെയ്തിരിക്കുന്നു. ആദിവാസികൾക്ക് എന്തുകൊടുത്താലും അവർക്ക് ഒന്നും കിട്ടുകയില്ലെന്നത് ഒരു ഒഴുക്കൻ ന്യായമായിരിക്കാം. പക്ഷെ അതിന്റെ കാരണങ്ങൾ തിരഞ്ഞാൽ നാം എത്തിച്ചേരുന്നത് ആദിവാസി ഭരണത്തിന്റെ ദുഷിച്ചുനാറിയ അഴുക്കുചാലുകളിലേക്കാണെന്ന് ടി.ആർ.ഡി.എമ്മിന്റെ അനുഭവങ്ങളും സാക്ഷ്യപ്പെടുത്തുന്നു.

**സ്വയംഭരണം തന്നെ അഭികാമ്യം**

ഇത് ഒറ്റപ്പെട്ട സംഭവമല്ല, ആദിവാസി വികസന പദ്ധതികൾ ആരംഭിച്ച കാലം മുതലുള്ള ദുർഗതിയാണെന്ന് പഴയ കണക്കുകൾ വ്യ

ക്തമാക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഫണ്ടുകൾ ചെലവഴിക്കുന്നതിൽ തദ്ദേശസ്ഥാപനങ്ങൾ ജനാധിപത്യം പാലിക്കുന്നില്ലെന്ന് ആസൂത്രണബോർഡ് നടത്തിയ പഠനം വിലയിരുത്തുന്നു. ഡോ. വി. വിജയകുമാറിൻെറ നേതൃത്വത്തിൽ ആസൂത്രണബോർഡിലെ റിസർച് അസിസ്റ്റൻറായ പി. പ്രവീണാണ് പഠനം നടത്തിയിരിക്കുന്നത്. പട്ടികവർഗ വകുപ്പ് നേരിട്ട് ചെലവഴിച്ചിരുന്ന ഫണ്ട് ആദിവാസികൾക്ക് കൂടുതൽ പ്രയോജനപ്പെടുന്നതിനാണ് ജനകീയാസൂത്രണ കാലത്ത് തദ്ദേശസ്ഥാപനങ്ങളെ ഇത് ഏൽപിച്ചത്. എന്നാൽ, ഗ്രാമപഞ്ചായത്തുകൾ കാലങ്ങളിലായി ഇത് വേണ്ടവിധം ഉപയോഗിച്ചിട്ടില്ലെന്ന് പഠനം ചൂണ്ടിക്കാണിക്കുന്നു.




ആദിവാസികളെ ചൂഷണങ്ങളിൽനിന്ന് മോചിപ്പിക്കാനാണ് 1974ൽ അഞ്ചാം പഞ്ചവത്സര പദ്ധതിക്കാലത്ത് കേന്ദ്രസർക്കാർ ട്രൈബൽ സബ് പ്ലാൻ (ടി.എസ്.പി) ഫണ്ടിന് രൂപംനൽകിയത്. ഈ തുകയും മറ്റ് സംസ്ഥാന ഫണ്ടുകളും ആദിവാസികൾക്ക് ഗുണകരമാകുന്ന തരത്തിൽ ഉപയോഗിക്കേണ്ട ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. കേന്ദ്രസർക്കാറും ആസൂത്രണബോർഡും നൽകിയ മാർഗനിർദേശങ്ങൾ പാലിക്കാതെയാണ് തദ്ദേശസ്ഥാപനങ്ങൾ ഈ ഫണ്ട് വിനിയോഗിക്കുന്നതെന്ന് പഠനം കണ്ടെത്തി. അതുകൊണ്ടുതന്നെ ഇത് ആദിവാസികൾക്ക് പ്രയോജനപ്പെടുന്നുമില്ല. പഞ്ചായത്ത് ആദിവാസികൾക്കായി നടപ്പാക്കിയ പദ്ധതികളിലധികവും പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുകയാണ്. ആദിവാസി ഊരുകൂട്ടങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് പദ്ധതികൾ നടപ്പിലാക്കണം എന്നാണ് പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള നിർദ്ദേശം. എന്നാൽ കേന്ദ്രീകൃത രാഷ്ട്രീയ പാർട്ടികൾ ഭരിക്കുന്ന പഞ്ചായത്ത് ഭരണസമിതി ഊരുക്കൂട്ടം എന്ന ജനാധിപത്യരൂപത്തെ അംഗീകരിക്കാൻ തയാറായിട്ടില്ല. അതുകൊണ്ടുതന്നെ, പദ്ധതികളെ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിൽ ഊരുകൂട്ടത്തിന് പങ്കാളിത്തം ലഭിക്കാറുമില്ല. അവരുടെ പങ്കാളിത്തമില്ലാത്തതിനാൽ ആദിവാസികളുടെ വികസനത്തിനായി ഉപയോഗിക്കേണ്ട ടി.എസ്.പി ഉൾപ്പെടെയുള്ള ഫണ്ടുകൾ കമ്യൂണിറ്റി ഹാളും സ്കൂൾ കെട്ടിടങ്ങളും റോഡുകളും ഫുട്പാത്തും പണിയാൻ ഉപയോഗിക്കുന്ന അവസ്ഥയാണ് കേരളത്തിലുള്ളത്. സംസ്ഥാന ആസൂത്രണ ബോർഡ് ആദിവാസി വികസനത്തിനായി അനുവദിച്ച പൂൾഡ് ഫണ്ടിൽ നിന്നും 30 ലക്ഷം രൂപ മാവോയിസ്റ്റ് ഭീഷണിയെ നേരിടുന്നതിനായി ആദിവാസി മേഖലകളിൽ ട്രൈബൽ ജനമൈത്രി പോലീസ് രൂപീകരിക്കാൻ വിനിയോഗിച്ച വിവരം പുറത്തുവന്നതാണല്ലോ.

ഇങ്ങനെ സർവ്വവിധത്തിലും നിലവിലെ ഭരണസംവിധാനങ്ങൾ ആദിവാസികളെ ഛിന്നഭിന്നമാക്കുന്ന സാഹചര്യത്തിലാണ് നിൽപ്പ് സമരം ഉന്നയിക്കുന്ന ആദിവാസി സ്വയംഭരണം എന്ന മുദ്രാവാക്യം കൂടുതൽ പ്രസക്തമാകുന്നത്. നിലവിലുള്ള ആദിവാസി ഊരുകളെ പെസ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരേണ്ടുന്നതിനെക്കുറിച്ച് കേരളം അടിയന്തിരമായി ചിന്തിക്കേണ്ടിയിരിക്കുന്നു. ഈ ഭരണത്തിൽ നിന്നും ഇനി ആദിവാസികൾക്ക് ഒന്നും പ്രതീക്ഷിക്കാനില്ല. ആദിവാസി ജനതയുടെ സാമൂഹിക ശാക്തീകരണം സാധ്യമാകും വിധമുള്ള സ്വയംഭരണ അവകാശം അവർക്ക് ലഭിക്കുന്നതിനായി ജനാധിപത്യത്തിൽ വിശ്വസിക്കുന്ന എല്ലാവരും ശ്രമിക്കേണ്ടതുണ്ടെന്നാണ് ഈ വസ്തുതാന്വേഷണ യാത്ര ബോധ്യപ്പെടുത്തുന്നത്. ■